
# Kerala University Senate Passes Intra University Transfer Norms

Kerala Private
COLLEGE TEACHER

No. 132
July 1996




എകെപിസിടിഎ മന്ദിരോദ്ഘാടനം ;
ഇ. എം. എസ്. സംസാരിക്കുന്നു

# പ്രീഡിഗ്രി പരിഷ്കാരം കരുതലോടെ വേണം

*കേരള പ്രൈവററ് കോളേജ് ടീച്ചർ*

*ലക്കം: 132*
*ജൂലായ് 1996*

എഡിറേറാറിയൽ ബോർഡ് :

എഡിററർ :
*എ. പ്രതാപചന്ദ്രൻനായർ*

മാനേജിംഗ് എഡിററർ :
*ടി. എൻ. മനോഹരൻ*

അംഗങ്ങൾ :
*കെ. ഇ. എൻ. കുഞ്ഞഹമ്മദ്*
*മാത്യു ജെ. മുട്ടം*
*എം. എസ്. വസന്തകുമാർ*
*ഡി. തോമസ്*
*എസ്. ജയരാജ്കുമാർ*
*ജി. എസ്. സുരേഷ്*
*ഷാഹുൽ ഹമീദ്*
*കെ.സി.കുട്ടപ്പൻനായർ*
*ജെ. ചന്ദ്ര*

ജൂലൈ 25 ന് കേരള യൂണിവേഴ്സിററി സെനററ് പാസാക്കിയ ഇൻട്രാ യൂണി: ട്രാൻസ്ഫർ നിയമത്തിന്റെ വിശദാംശങ്ങൾ അടുത്ത ലക്കത്തിൽ


വിദ്യാഭ്യാസ രംഗത്തെ പുനഃസംഘാടനം ഏതാനും വർഷങ്ങളായി ചർച്ചാവിഷയമാണല്ലോ. വിദ്യാഭ്യാസത്തെ വാണിജ്യവൽക്കരിക്കാനുള്ള ശ്രമത്തിനെതിരെ ശക്തമായ ചെറുത്തുനിൽപ്പ് നടത്തിയ സംസ്ഥാനമാണ് കേരളം. പിളരുന്തോറും (കീശ) വളരുന്ന തത്വശാസ്ത്രത്തിന്റെ പ്രയോക്താക്കൾ ഉന്നതവിദ്യാഭ്യാസത്തെ വെട്ടിമുറിച്ച് വില്പനയ്ക്ക് വയ്ക്കാനൊരുമ്പെട്ടപ്പോൾ അവരുടെ നീക്കം സധൈര്യം നേരിട്ട് പരാജയപ്പെടുത്തിയവരാണ് നാം. വിദ്യാഭ്യാസരംഗത്തെ ഏതൊരു പരിഷ്ക്കാരവും നാടിന്റെ സമഗ്രമായ വികാസത്തിനുതകുന്നതായിരിക്കണം. അതിൽ ഘടനാപരമായ പരിഷ്ക്കാരത്തിന് ഏറെ പ്രസക്തിയുമുണ്ട്. സെക്കണ്ടറി തലത്തിനും ബിരുദതലത്തിനുമിടയിലുള്ള ഘട്ടം എവിടെയായിരിക്കണമെന്നത് വളരെയേറെ വിചിന്തനത്തിന് വിധേയമായിട്ടുണ്ട്. സംശയലേശമെന്യേ കമ്മീഷനുകളെല്ലാം പറഞ്ഞത് ഈ ഘട്ടം സെക്കണ്ടറിയോടൊപ്പം ഹയർസെക്കണ്ടറിയാകണമെന്നാണ്; ഈ തലത്തിലെ വിദ്യാർത്ഥികളെല്ലാം സ്ക്കൂൾ അന്തരീക്ഷത്തിൽ പഠനം നടത്തണമെന്നാണ്. അതിനുള്ള കാര്യകാരണങ്ങളെ എ കെ പി സി ടി എ പൂർണ്ണമായി അംഗീകരിച്ചിട്ടുണ്ട്.

കേരളത്തിലെ പ്രത്യേകസാഹചര്യത്തിൽ സർവകലാശാലയോട് ബന്ധപ്പെട്ടു നില്ക്കുന്ന 'പ്ലസ് ടു' കോളേജിൽനിന്നും സ്ക്കൂളുകളിലേക്ക് മാററുന്ന പ്രക്രിയ വളരെ അവധാനതയോടെ നടത്തേണ്ടതാണെന്നതിൽ ആർക്കും സംശയം ഉണ്ടാകുമെന്ന് തോന്നുന്നില്ല. പക്ഷേ ഉദ്യോഗസ്ഥൻമാരുടെ മൂശയിൽ രൂപപ്പെട്ടിരിക്കുന്നത് ധൃതി പിടിച്ച വെട്ടിമുറിക്കലാണെന്ന് നാം മനസിലാക്കുന്നു. പ്രീഡിഗ്രി വേർപെടുത്തി കോളേജ് ക്യാമ്പസുകളിൽതന്നെ നിലനിറുത്തുന്നതുകൊണ്ട് '+ 2' തലത്തിന് എന്തുമെച്ചമാണുണ്ടാകുക? കോളേജുകളിലെ ബിരുദബിരുദാനന്തര കോഴ്സുകളുടെ നടത്തിപ്പിന് ഇപ്പോൾ നിലനില്ക്കുന്നതിൽനിന്നും മെച്ചപ്പെട്ട എന്തു അന്തരീക്ഷമാണുണ്ടാകുക. ഒരേ കാമ്പസിൽ ഇരട്ടഭരണത്തിന്റെ അസ്വാസ്ഥ്യങ്ങൾ ഉരുൾപൊട്ടുമെന്ന് ആർക്കാണ് അറിയാൻ കഴിയാത്തത്. സർവകലാശാലയിൽനിന്നും വിടുതൽ വാങ്ങിപ്പോകുന്ന 'പ്രീഡിഗ്രി' സ്കൂളുകളുടെ ഭാഗമായി ഏതുതരത്തിൽ മാറുമെന്നാണ് പ്രീഡിഗ്രി ബോർഡിന്റെ അപ്പോസ്തലൻമാർ വിഭാവനചെയ്യുന്നതെന്നറിയില്ല! 'പ്ലസ് ടു' വിദ്യാർത്ഥികൾ സ്ക്കൂൾ അന്തരീക്ഷ

ത്തിലുമല്ല, കോളേജന്തരീക്ഷത്തിലുമല്ലാതെ പുതിയ ഒരു തുരുത്തായി (ഇല്ലത്തുനിന്നും ഇറങ്ങുകയും ചെയ്തു. അമ്മാത്തൊട്ടെത്തിയതുമില്ല എന്ന വിധത്തിൽ) ഒതുക്കാനാണോ ഈ ധൃതിപിടിച്ച നീക്കം! ഇത് വിദ്യാഭ്യാസരംഗത്തെയാകെ ഏതു തരത്തിൽ ഉയർത്തുമെന്നാണാവോ ഇക്കൂട്ടരുടെ പ്രതീക്ഷ.

ഇക്കാര്യത്തിലുള്ള എകെപിസിടിഎയുടെ സുചിന്തിതമായ അഭിപ്രായം വർഷങ്ങൾക്കു മുൻപേ നാം പ്രകടിപ്പിച്ചിട്ടുള്ളതാണ്; എകെപിസിടിഎ യുടെ 'വിദ്യാഭ്യാസരേഖയിൽ' വിശദീകരിച്ചിട്ടുള്ളതുമാണ്. സ്കൂൾ വിദ്യാഭ്യാസത്തിന്റെയും സർവകലാശാലാ വിദ്യാഭ്യാസത്തിന്റെയും സമഗ്രമായ വികാസം ലക്ഷ്യം വച്ചുകൊണ്ടുമാത്രമേ വിദ്യാഭ്യാസരംഗത്ത് പുനസംഘാടനം പാടുള്ളൂ എന്നതുതന്നെയാണ് നമ്മുടെ നിലപാട്. 'പ്ലസ് ടു' വിദ്യാഭ്യാസം സ്കൂൾ തലത്തിൽ വ്യാപകമാക്കിക്കൊണ്ടുവേണം പ്രീഡിഗ്രി കോളേജ് തലത്തിൽനിന്നും മാററേണ്ടത്. ഒരു നിശ്ചിത തീയതിക്ക് പ്രീഡിഗ്രി കോളേജ് വിദ്യാഭ്യാസത്തിന്റെ ഭാഗമല്ലാതാക്കുന്ന പ്രഖ്യാപനം ഉന്നതവിദ്യാഭ്യാസരംഗത്തിനോ വിദ്യാർത്ഥികൾക്കോ ഗുണം ചെയ്യില്ല. 1986ലെ പ്രീഡിഗ്രിബോർഡിന്റെ പുന:പ്രതിഷ്ഠമാത്രമായിരിക്കും നടക്കുന്നത്. അധ്യാപകർ റിട്ടയർ ചെയ്യുന്നമുറക്ക് പ്രീഡിഗ്രി ബാച്ചുകൾ കോളേജുകളിൽ അനുക്രമമായി നിറുത്തൽ ചെയ്യുകയും പുതുതായി പ്രീഡിഗ്രിക്കു കോളേജുകളിൽ നിയമനം നടത്താതിരിക്കുകയുമാണ് വേണ്ടത്. 'പ്ലസ് ടു' വിന്റെ വ്യാപനവും, ക്രമേണ കോളേജുകളിൽ പ്രീഡിഗ്രി നിറുത്തൽ ചെയ്യലും ഒരു സമയബന്ധിതപരിപാടിയായി നടപ്പിലാക്കണമെന്ന് എ കെ പി സി ടി എ ആവശ്യപ്പെടുന്നു. നാളിതുവരെയും പ്രീഡിഗ്രിക്കുമാത്രമായി അധ്യാപകരെ നിയമിച്ചിട്ടില്ലാത്തതിനാൽ സർവകലാശാലയുടെ അംഗീകാരം ലഭിച്ചിട്ടുള്ളമുഴുവൻ അധ്യാപകരും കോളേജധ്യാപകരായി തന്നെ നിലനില്ക്കുകയും ചെയ്യുമെന്നതിനാൽ തൊഴിൽ സംബന്ധമായ മററുപ്രശ്നങ്ങൾ ഒന്നും തന്നെ ഉണ്ടാവുകയില്ല. താത്വികവും പ്രായോഗികവുമായ ഉത്തരത്തിലൊരു മാററത്തിന് മുഴുവൻ വിദ്യാഭ്യാസതല്പരരുടെയും പിന്തുണ ഉണ്ടാകുമെന്നാണ് ഞങ്ങളുടെ വിശ്വാസം.

## വി.കെ. കൃഷ്ണൻകുട്ടിനായർ



തുരുത്തിക്കാട് ബി. എ. എം. കോളേജിലെ അധ്യാപകനായിരുന്ന പ്രൊഫ. വി.കെ. കൃഷ്ണൻകുട്ടിനായർ 1996 ഏപ്രിൽ 30 ന് തിരുവനന്തപുരത്ത് സംശയാസ്പദമായ സാഹചര്യത്തിൽ മരണപ്പെട്ടു. അധ്യാപകന്റെ അന്തസും അഭിമാനവും ഉയർത്തിപ്പിടിക്കാൻ അനവരതം പ്രയത്നിച്ചുകൊണ്ടിരുന്ന അദ്ദേഹം കോളേജ് ഭരണാധികാരികളുടെ നിരന്തരമായ പീഡനത്തിന് വിധേയനായിരുന്നു. പത്തനംതിട്ട ജില്ലാസെക്രട്ടറിയായിരുന്ന പ്രൊഫ. കൃഷ്ണൻകുട്ടിയുടെ ദേഹവിയോഗം എകെപിസിടിഎക്ക് തീരാനഷ്ടമാണ്. അദ്ദേഹത്തിന്റെ അകാലനിര്യാണത്തിൽ എകെപിസിടിഎ അനുശോചനം രേഖപ്പെടുത്തുന്നു.

## എകെപിസിടിഎ 38-ാം സംസ്ഥാനസമ്മേളനം

# സംഘശക്തിയുടെ മുന്നേറ്റം

മാർച്ച് 15, 16, 17 തീയതികളിൽ തിരുവനന്തപുരത്തു നടന്ന എ കെ പി സി ടി എ 38-ാം സംസ്ഥാന സമ്മേളനം സംഘശക്തിയുടെ മുന്നേറ്റത്തിന്റെ നിദർശനമായി. ഓഫീസ് മന്ദിര ഉദ്ഘാടനം, സംഘടന തയ്യാറാക്കിയ വിദ്യാഭ്യാസനയരേഖയുടെ പ്രകാശനം, കോഴ്സ് പുനഃസംഘാടനത്തിനുള്ള നിർദ്ദേശങ്ങളുടെ അവതരണം–ഇതെല്ലാം സമ്മേളനത്തെ അതിവ ശ്രദ്ധേയമാക്കി. കഴിഞ്ഞ 38 വർഷമായി പ്രൈവറ്റ് കോളേജധ്യാപകരുടെ മോചനത്തിന് നിരന്തരം പോരാടി വരുന്ന എ കെ പി സി ടി എ ക്ക് സ്വന്തമായി ഒരു ഓഫീസ് മന്ദിരം ഈ സംസ്ഥാനസമ്മേളനത്തോടൊപ്പം ഉദ്ഘാടനം ചെയ്യാൻ കഴിഞ്ഞത് സംഘടനാശക്തിയുടെ തെളിവാണ്. പ്രൈവറ്റ് കോളേജദ്ധ്യാപകർക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഓഫീസും ചിട്ടയായ പ്രവർത്തനവുമുള്ള ഏക സംഘടന എന്ന ബഹുമതിയും ഇതോടെ എ കെ പി സി ടി എ നേടിയെടുത്തിരിക്കുന്നു.

## മന്ദിരോദ്ഘാടനം

## ഇ. എം. എസ്

ആദരണീയനായ സ: ഇ. എം. എസ് മാർച്ച് 15 ന് എ കെ പി സി ടി എ മന്ദിരം ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസ പരിഷ്കാരത്തിന് കൂട്ടായ പരിശ്രമമുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടാണ് അദ്ദേഹം ഉദ്ഘാടനപ്രസംഗം ആരംഭിച്ചത്. കുത്തഴിഞ്ഞ പുസ്തകമെന്ന് വിദ്യാഭ്യാസത്തെപ്പറ്റി പറയാറുണ്ട്. ഇത് നേരെയാക്കാനുള്ള കൂട്ടായ പ്രയത്നമാണ് ഇന്നുണ്ടാകേണ്ടത്. ഇത് കുറെ വിദ്യാഭ്യാസ വിദഗ്ധർ മാത്രം ചർച്ചചെയ്താൽ മതിയാവില്ല. അദ്ധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും ജനപ്രതിനിധികളുമെല്ലാം യോജിച്ച് പരിഹാരം തേടണം. ഇതിൽ അദ്ധ്യാപക സംഘടനകൾക്ക് മുഖ്യ പങ്കാണുള്ളത്. നാട്ടിലെ യുവതീയുവാക്കളെ ഈ നാട്ടുകാരല്ലാതാക്കുന്ന വിദ്യാഭ്യാസമാണിന്നുള്ളത്. നാട്ടുകാരിൽ നിന്നും അകന്നു നില്ക്കുന്ന ഒരു പുതിയ ജാതിയെ ഇന്നത്തെ വിദ്യാഭ്യാസം സൃഷ്ടിക്കുന്നുണ്ട്. 'നിറം കൊണ്ട് ഇന്ത്യാക്കാരനാണെങ്കിലും ഭാഷയിലും നടപ്പിലും ഉടുപ്പിലും വെള്ളക്കാരായ ആളുകളെ ഇന്ത്യയിൽ സൃഷ്ടിക്കാൻ മെക്കാളെ കൊണ്ടുവന്ന വിദ്യാഭ്യാസരീതിയാണ് ഇന്നും തുടരുന്നത്. ഇത് മാറ്റാൻ മഹാത്മാഗാന്ധി ശ്രമിച്ചെങ്കിലും പരാജയപ്പെട്ടു. ഗാന്ധിജി പരാജയപ്പെടാനിടയായ കാരണങ്ങളും നമ്മൾ പരിശോധിക്കണം. മാതൃഭാഷയോടു പുച്ഛവും ഇംഗ്ലീഷിനോട് ബഹുമാനവും വളർത്തുന്ന ഇന്നത്തെ അവസ്ഥ മാറണമെന്നും ഇ. എം. എസ്. പറഞ്ഞു. എ കെ പി സി ടി എ യുടെ പുതിയ ഓഫീസ് മന്ദിരം സംഘടനയുടെ ശക്തിയുടെയും നിശ്ചയദാർഢ്യത്തിന്റെയും പ്രതീകമാണെന്ന് പശ്ചിമബംഗാൾ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സത്യസാധൻ ചക്രവർത്തി അഭിപ്രായപ്പെട്ടു. ജനകീയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും സംഘടനക്ക് പ്രധാനപ്പെട്ട പങ്ക് വഹിക്കാനുള്ളതു കൊണ്ട് സംഘടനായുടെ പോരാട്ടം അവസാനിക്കുന്നില്ലെന്ന് അദ്ദേഹം പറഞ്ഞു. കെട്ടിടംപണി ഏറ്റെടുത്ത് നടത്തിയ ഹാബിറ്റാറ്റിന് എ കെ പി സി ടി എ നല്കിയ ഉപഹാരം എഞ്ചിനീയർ മധു, ഇ. എം. എസിൽ നിന്നും ഏറ്റുവാങ്ങി. സമ്മേളനത്തിൽ എം. വിജയകുമാർ എം എൽ എ, മേയർ വി. ശിവൻകുട്ടി, കെ. ബാലകൃഷ്ണൻ നമ്പ്യാർ, കെ. വരദരാജൻ, ഹാബിറ്റാറ്റ് ചെയർമാനും

മന്ദിരത്തിന്റെ ആർക്കിടെക്റ്റുമായ ജി. ശങ്കർ, കെ. കെ. വിശ്വനാഥൻ, പി. ബാലകൃഷ്ണൻ ഡോ. എ. ആർ. രാജൻ, പി. വിശ്വംഭരൻ, കെ. കെ. ദിവാകരൻ, വി. കെ. മധു, ആർ. രാമചന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു. സംഘടനാ പ്രസിഡന്റ് പ്രൊഫ. എസ്. വിശ്വനാഥൻ അദ്ധ്യക്ഷനായിരുന്നു. ജനറൽസെക്രട്ടറി പ്രൊഫ. കെ. പി. ദിവാകരൻനായർ സ്വാഗതവും സെക്രട്ടറി പ്രൊഫ. ആർ. മോഹൻ കുമാർ നന്ദിയും പറഞ്ഞു. അദ്ധ്യാപകരും സർവ്വീസ് സംഘടനാ പ്രവർത്തകരുമുൾപ്പെടെ വലിയൊരു ജനാവലി ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുത്തു

## സംസ്ഥാനസമ്മേളനം :
## ഉദ്ഘാടനം :

## വി. എസ്. അച്ചുതാനന്ദൻ

രണ്ടാം ദിവസം വി ജെ ടി ഹാളിൽ സംസ്ഥാന സമ്മേളന പരിപാടികൾ ആരംഭിച്ചു. പ്രതിനിധികൾ രജിസ്ട്രേഷനുശേഷം രക്തസാക്ഷിമണ്ഡപത്തിൽ പുഷ്പാർച്ചന നടത്തി. തുടർന്ന് സംഘടനാപ്രസിഡന്റ് പ്രൊഫ. എസ്. വിശ്വനാഥൻ പതാക ഉയർത്തി. പ്രൊഫ. വി. കെ. ശശിധരന്റെ അഭിവാദനഗാനത്തോടെയാണ് ഉദ്ഘാടനയോഗം ആരംഭിച്ചത്. സ. വി. എസ്. അച്ചുതാനന്ദൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. ആന്റണി സർക്കാർ നടത്തിയ വിദ്യാഭ്യാസക്കച്ചവടത്തെ അതിനിശിതമായി വിമർശിച്ചുകൊണ്ടാണ് അച്ചുതാനന്ദൻ സംസാരിച്ചത്. ഒറ്റ വർഷം കൊണ്ട് 62 അൺഎയ്ഡഡ് കോളേജുകളും 314 അൺഎയ്ഡഡ് സ്കൂളുകളും ആന്റണി സർക്കാർ അനുവദിച്ചു. മത-സമുദായ നേതാക്കളുടെ സമ്മർദ്ദത്തിന് വഴങ്ങിയാണ് ഇത് ചെയ്തത്. 1400 ഓളം സ്കൂളുകളെ അൺഇക്കണോമിക് എന്ന സ്ഥിതിയിലേക്ക് തള്ളിവിടുകയും ചെയ്തു. പരിയാരം മെഡിക്കൽ കോളേജിനുമേൽ നിയന്ത്രണം കൊണ്ടുവരാത്തതിനെയുംഅദ്ദേഹംവിമർശിച്ചു. ഇത്തരം കാര്യങ്ങൾ മനസിലാക്കി എ കെ പി സി ടി എ അടക്കമുള്ള പുരോഗമന പ്രസ്ഥാനങ്ങൾ പോരാട്ടം തുടരുന്നതിൽ തനിക്ക് സന്തോഷമുണ്ടെന്നും അച്ചുതാനന്ദൻ അഭിപ്രായപ്പെട്ടു. ഉദ്ഘാടന സമ്മേളനത്തിൽ എ കെ പി സി ടി എ പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ചു. സ്വാഗതസംഘം ജനറൽ കൺവീനർ പ്രൊഫ എൻ. ജി. വർഗീസ് സ്വാഗതം പറഞ്ഞു. എൻ ജി ഒ യൂണിയൻ പ്രസിഡന്റ് വരദരാജൻ, കെ എസ് ടി എ വൈസ് പ്രസിഡന്റ് സി എൻ. ദേവദാസ്, കോൺഫെഡറേഷൻ പ്രസിഡന്റ് ടി. നാരായണൻ, എ കെ ജി സി ടി വൈസ് പ്രസിഡന്റ് പ്രൊഫ കാർത്തികേയൻ നായർ എന്നിവർ സംസാരിച്ചു സമ്മേളനത്തിൽ പങ്കെടുത്തവർക്ക് പ്രൊഫ. സലിം കൃതജ്ഞത പറഞ്ഞു ഉദ്ഘാടന സമ്മേളനത്തിനുശേഷം ആരംഭിച്ച പ്രതിനിധി സമ്മേളനത്തിൽ ജനറൽ സെക്രട്ടറി പ്രവർത്തന റിപ്പോർട്ടും ട്രഷറർ പ്രൊഫ. എം. സലിം വരവു ചെലവു കണക്കും അവതരിപ്പിച്ചു.

## വിദ്യാഭ്യാസ സമ്മേളനം
## ഉദ്ഘാടനം :

## സത്യസാധൻ ചക്രവർത്തി

ഉച്ചയ്ക്കുശേഷം ചേർന്ന വിദ്യാഭ്യാസ സമ്മേളനം പശ്ചിമബംഗാൾ ഉന്നത വിദ്യാഭ്യാസ വകുപ്പു മന്ത്രി പ്രൊഫ, സത്യസാധൻ ചക്രവർത്തിയാണ് ഉദ്ഘാടനം ചെയ്തത്. സ്വാശ്രയകോളേജ് എന്ന ആശയം ഭരണഘടനാവിരുദ്ധമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. സ്വാശ്രയം എന്നാൽ ഉയർന്ന ഫീസ് എന്നാണർത്ഥം. ഇത് സാധാരണക്കാർക്ക് താങ്ങാനാവില്ല. അപ്പോൾ പണമുള്ളവർക്ക് മാത്രമായി ഉന്നത വിദ്യാഭ്യാസം ചുരുങ്ങും. അമേരിക്ക, കാനഡ, ഇംഗ്ലണ്ട് തുടങ്ങിയ ജി 7 രാഷ്ട്രങ്ങളിൽ പോലും വിദ്യാഭ്യാസ മേഖലയുടെ ആവശ്യത്തിനായി ഗവൺമെൻറും മററു സംഘടനകളും നല്കുന്ന പൊതുധനമുണ്ട്. ഇൻഡ്യൻ ഭരണാധികാരികൾ എന്തിൽ നിന്നായാലും ലാഭമുണ്ടാക്കണമെന്ന ബൂർഷ്വാ ചിന്തയാണ് സ്വീകരിച്ചിരിക്കുന്നത്. ഇത് സമൂഹത്തെ മലിനമാക്കും, സമൂഹത്തിന്റെ ആത്മാവിനെത്തന്നെ മാററിമറിക്കും-പ്രൊഫ. സത്യസാധൻ പറഞ്ഞു. 'വിദ്യാർത്ഥികളെ മെരുക്കിയെടുക്കുക' എന്നതാണ് ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്ന് പ്രസിദ്ധ ചിന്തകനായ പി. ഗോവിന്ദപിള്ള അഭിപ്രായപ്പെട്ടു. എ കെ പി സി ടി എ യുടെ മുൻനേതാവ് അന്തരിച്ച പ്രൊഫ. ആർ ആർ സി യുടെ പേരിലുള്ള എൻഡോവ്മെൻറ് ലക്

ഷർ സമ്മേളനത്തിൽ നടത്തവേയാണ് പി. ജി. ഈ അഭിപ്രായം പറഞ്ഞത്. ഒന്നും ചോദ്യം ചെയ്യാതെ എല്ലാം അനുസരിച്ച് അംഗീകരിച്ച് ജീവിക്കുന്നവരായി മാത്രം ജനങ്ങളെ വളർത്തിയെടുക്കാനാണ് ഇന്നത്തെ വിദ്യാഭ്യാസ രീതി ശ്രമിക്കുന്നത്. ക്ലാസ് മുറികളിൽ വിദ്യാർത്ഥികൾക്ക് സംശയിക്കാനോ ചോദ്യം ചെയ്യാനോ അവസരമില്ല. അവിടെ അദ്ധ്യാപകന്റെ ഏകപക്ഷീയമായ പ്രസംഗം മാത്രം. അദ്ധ്യാപകർ പണ്ട് പഠിച്ച നോട്ടുകൾ ക്ലാസിൽ കൊണ്ടുവന്നു പറഞ്ഞുകൊടുക്കുന്നതിനപ്പുറം വിദ്യാർത്ഥികളുമായി ഒരു സംവാദത്തിന് അവസരമുണ്ടാകുന്നില്ല. പ്രവൃത്ത്യുൻമുഖ വിദ്യാഭ്യാസം നമുക്കില്ല. പഠനമെല്ലാം പുസ്തക വായനയിലൊതുങ്ങുന്നു. കാർഷിക കോളേജിൽ നിന്നും പഠിച്ചു വരുന്ന വിദ്യാർത്ഥികൾക്ക് കൃഷിയിടങ്ങളിൽ പോകാനല്ല, ക്ലാസ് മുറികളിൽ പഠിപ്പിച്ച് കഴിയാനാണ് താല്പര്യം. ഈ രീതി മാറണമെന്ന് പി.ജി. പറഞ്ഞു. യോഗത്തിൽ വച്ച് എ കെ പി സി ടി എ യുടെ വിദ്യാഭ്യാസനയരേഖയുടേയും കോഴ്സ് പുനസംഘടന രേഖയുടേയും കോപ്പികൾ പി. ഗോവിന്ദപ്പിള്ളക്ക് നല്കിക്കൊണ്ട് പ്രൊഫ. സത്യസാധൻ ചക്രവർത്തി പ്രകാശനം ചെയ്തു. അന്തരിച്ച അദ്ധ്യാപകരുടെ ആശ്രിതർക്കുള്ള ക്ഷേമനിധി വിതരണവും ബംഗാൾ മന്ത്രി നിർവഹിച്ചു.

## അദ്ധ്യാപക പ്രകടനം

രണ്ടാം ദിവസം വൈകിട്ട് പ്രൈവറ്റ് കോളേജദ്ധ്യാപകരുടെ സംഘടിത ശക്തി തെളിയിക്കുന്ന ഉജ്ജ്വല പ്രകടനം പാളയം രക്തസാക്ഷിമണ്ഡപത്തിൽ നിന്നും ആരംഭിച്ചു. നൂറുകണക്കിന് അദ്ധ്യാപകർ പങ്കെടുത്ത പ്രകടനം കേന്ദ്ര കേരള സർക്കാരുകളുടെ വിദ്യാഭ്യാസ കച്ചവടത്തെ വിമർശിക്കുന്ന മുദ്രാവാക്യങ്ങളാണ് മുഴക്കിയത്. മാനേജുമെന്റുകളെ നിയന്ത്രിക്കുക, വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവല്ക്കരണം അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങളും ജാഥാംഗങ്ങൾ ഉയർത്തി സർവീസ്-ട്രേഡ് യൂണിയൻ രംഗത്തെ നിരവധി സംഘടനകൾ ജാഥക്ക് അഭിവാദ്യം അർപ്പിച്ച്. ജാഥ കിഴക്കേക്കോട്ട ഗാന്ധിപാർക്കിലാണ് സമാപിച്ചത്.

## ഗാന്ധിപാർക്കിൽ പൊതുസമ്മേളനം

പൊതുസമ്മേളനം സംഘടനാ ചരിത്രത്തിലെ വളർച്ചയുടെ മറ്റൊരു സൂചനയായിരുന്നു ഗാന്ധിപാർക്ക് നിറഞ്ഞ് കവിഞ്ഞ ജനസമൂ




# പ്രൊഫ. വി. എൽ. വർഗീസ് വിരമിച്ചു

മൂന്നു ദശകത്തിലേറെക്കാലത്തോളം ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ കെമിസ്ട്രി അദ്ധ്യാപകനായി സേവനമനുഷ്ടിച്ച പ്രൊഫ. വി. എൽ. വർഗീസ് 1996 മാർച്ച് 31ന് വിരമിച്ചു പോസ്റ്റ് ഗ്രേഡ്വേറ്റ് ബോർഡ് ഓഫ് സ്റ്റഡീസ് അംഗമായും പരീക്ഷാബോർഡ് ചെയർമാനായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

ആരംഭകാലം മുതൽ എ. കെ. പി. സി. ടി. എ. യുടെ സജീവ പ്രവർത്തകനായിരുന്നു പ്രൊഫ. വർഗീസ്.

ഹമാണ് സമ്മേളനത്തിൽ പങ്കെടുത്തത്. വിദ്യാഭ്യാസ കാര്യങ്ങൾ കേൾക്കാൻ ഇത്രയും വലിയ ആൾക്കൂട്ടമുണ്ടായത് എല്ലാവരും പ്രത്യേകം ശ്രദ്ധിച്ചു. പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ച ഡോ. സുകുമാർ അഴീക്കോട് ഇന്നത്തെ വിദ്യാഭ്യാസ പ്രതിസന്ധിക്കുത്തരവാദികളായ ഭരണാധികാരികളെ അതിനിശിതമായി വിമർശിച്ചു. വിദ്യാഭ്യാസത്തിന്റെ ഉയർച്ച സർവ്വകലാശാലകളുടെ എണ്ണം കൊണ്ട് നിശ്ചയിക്കപ്പെടുമെന്നു് അബദ്ധധാരണയാണ് നമ്മുടെ വിദ്യാഭ്യാസ മന്ത്രിക്കുള്ളതെന്ന് അഴീക്കോട് പറഞ്ഞു. കിടക്ക വാങ്ങാം ഉറക്കം വാങ്ങാനാവില്ലെന്ന ചൊല്ല് ഇവർ ഓർക്കണം. എണ്ണമല്ല ഗുണമാണ് പ്രധാനം. സർവ്വകലാശാലകൾക്ക് സമുദായം നോക്കി വൈസ്ചാൻസലർമാരെ നിശ്ചയിക്കുന്ന ദുരവസ്ഥയാണ് ഇവിടെ കാണുന്നത്. വിദ്യാഭ്യാസം കച്ചവടമായി മാറുന്നത് കച്ചവടം നമ്മുടെ സംസ്കാരമാകുമ്പോഴാണ്. ഇന്ന് വിദ്യാഭ്യാസത്തിന് കച്ചവടമായി ഡിമോഷനും കച്ചവടത്തിന് സംസ്കാരമായി പ്രൊമോഷനുമാണ് കിട്ടുന്നത്. ഒരു കുട്ടിയുടെ ശരീരത്തിലും മനസ്സിലും ആത്മാവിലുമുള്ള എല്ലാ നന്മകളുടേയും വികാസമാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്നാണ് മഹാത്മാഗാന്ധി പറഞ്ഞത്. വിദ്യാഭ്യാസ കച്ചവടം മൂലം ഈ ധാരണ നമുക്കിന്നു കൈമോശം വന്നിരിക്കുന്നു. വിദ്യാർത്ഥികൾ സമരം ചെയ്തു കൂടാ എന്നു വാദിക്കുന്നവരുണ്ടല്ലോ. ഒരു കോളേജിൽ ലക്ചറർ നിയമനത്തിന് പന്ത്രണ്ട് പേർ വന്നാൽ അതിൽ ഒന്നാം ക്ലാസുകാരൻ നിയമിക്കപ്പെടുന്നില്ല. ഏതെങ്കിലും രണ്ടാം ക്ലാസുകാരനായിരിക്കും നിയമനം കിട്ടുക. ഒരിക്കലും സമരം ചെയ്യാതെ പഠിച്ച് ഒന്നാം ക്ലാസ് നേടി വന്നവന് ഈ ഘട്ടത്തിൽ തോന്നുന്നത് പഠിച്ച കാലത്ത് സമരം ചെയ്തിരുന്നെങ്കിൽ ഈ അനീതിക്കെതിരേ സമരം ചെയ്യാൻ എനിക്ക് ധൈര്യം ഉണ്ടായേനെ എന്നാണ്. ഒന്നാം ക്ലാസുകാരനെ കൊലപ്പെടുത്തിയാണ് യഥാർത്ഥത്തിൽ ഒരു രണ്ടാം ക്ലാസുകാരൻ അദ്ധ്യാപകനാകുന്നത്. ഇത്തരം കൊലപാതകങ്ങളെപ്പററി വേവലാതിപ്പെടാതെ കോളേജ് തെരഞ്ഞെടുപ്പിൽ വിദ്യാർത്ഥികൾ വഴക്കു കൂടുന്നതിനെപ്പററി മാത്രം ആശങ്കപ്പെടുന്നവർ വിദ്യാഭ്യാസ മേഖലയെ ഇനിയും കൊള്ളരുതായ്മയിലേക്ക് നയിക്കുന്ന ബാലിശമായ സമീ

## എസ്. നടരാജ അയ്യർക്ക് ഡോക്ടറേററ്



കേരള സർവകലാശാലയിൽ നിന്നും കോമേഴ്സിൽ ഡോക്ടറേററ് നേടിയ ശ്രീ. എസ്. നടരാജ അയ്യർ, ഇൻസ്ററിററ്യൂട്ട് ഓഫ് ഡിസ്ററൻസ് എജ്യൂക്കേഷനിലെ ഡോ.കെവിനിന്റെ മേൽനോട്ടത്തിൽ ഗവേഷണം നടത്തിയ ഇദ്ദേഹം ആലപ്പുഴ എസ്. ഡി. കോളേജ് കോമേഴ്സ് വിഭാഗം ലക്ചററും എ. കെ. പി. സി. ടി. എ. യുടെ സജീവപ്രവർത്തകനുമാണ്.

പനമാണ് സ്വീകരിക്കുന്നതെന്നും അഴീക്കോട് പറഞ്ഞു. പി. കെ. വാസുദേവൻ നായർ, പി. ഗോവിന്ദപ്പിള്ള, [illegible]കുളം കൃഷ്ണപിള്ള എന്നിവരും പൊതുസമ്മേളനത്തിൽ പ്രസംഗിച്ചു. വിദ്യാഭ്യാസത്തിന്റെ സ്വകാര്യവല്ക്കരണമല്ല വ്യാപാരവല്ക്കരണമാണ് മുഖ്യപ്രശ്നമെന്ന് പി. കെ. വി. അഭിപ്രായപ്പെട്ടു. പൊതുസമ്മേളനത്തിൽ പങ്കെടുത്തവർക്ക് സ്വാഗതസംഘം ചെയർമാൻ എം. വിജയകുമാർ എം എൽ എ സ്വാഗതവും ജനറൽ സെക്രട്ടറി പ്രൊഫ. കെ. പി. ദിവാകരൻനായർ നന്ദിയും പറഞ്ഞു.

(ശേഷം 22-ാം പേജിൽ)

# എ. കെ. പി. സി ടി. എ ഭാരവാഹികൾ (1996-97)

പ്രസിഡൻറ് : പ്രൊഫ. എസ് വിശ്വനാഥൻ
എസ് എൻ കോളേജ്, ചെമ്പഴന്തി

വൈസ് പ്രസിഡൻറ് : പ്രൊഫ. ജോയ് ജോബ് കുളവേലിൽ
യൂ സി കോളേജ്, ആലുവ

ജനറൽ സെക്രട്ടറി : പ്രൊഫ. കെ. പി. ദിവാകരൻ നായർ
വി ടി എം എൻ എസ് എസ് കോളേജ്, ധനുവച്ചപുരം.

ട്രഷറർ : പ്രൊഫ. എം. സലീം
ഫറൂഖ് കോളേജ്, ഫറൂഖ്, കോഴിക്കോട്

സെക്രട്ടറിമാർ ; പ്രൊഫ. വി. രാജഗോപാലൻ
മലബാർ ക്രിസ്ത്യൻ കോളേജ്, കോഴിക്കോട്
പ്രൊഫ. മോഹൻ കുര്യൻ
സി എം എസ് കോളേജ്, കോട്ടയം
പ്രൊഫ. ആർ. മോഹനകുമാർ
എസ് എൻ കോളേജ്, വർക്കല

പ്രവർത്തക സമിതി അംഗങ്ങൾ : പ്രൊഫ. കെ. സദാശിവൻ നായർ
എസ് വി ആർ എൻ എസ് എസ് കോളേജ്, വാഴൂർ
പ്രൊഫ. എൽ. ജി. വർഗീസ്
എസ് എൻ കോളേജ്, ചെമ്പഴന്തി
പ്രൊഫ. സി. കെ. ഗോപി
ഡി ബി കോളേജ്, ശാസ്താംകോട്ട

## ജില്ലാസെക്രട്ടറിമാർ

കണ്ണൂർ/കാസർഗോഡ് - ശ്രീ. എ. പി. കുട്ടികൃഷ്ണൻ
എസ് എസ് കോളേജ്, തളിപ്പറമ്പ്

കോഴിക്കോട്/വയനാട് - പ്രൊഫ. ടി. കെ. ലവൻ
എസ് എൻ കോളേജ്, നാട്ടിക

മലപ്പുറം - പ്രൊഫ. എ. ശിവരാമൻ
എൻ എസ് എസ് കോളേജ്, മഞ്ചേരി

പാലക്കാട് - പ്രൊഫ. കെ. പി. ബാലകൃഷ്ണൻ
എൻ എസ് എസ് കോളേജ്, നെന്മാറ

തൃശൂർ - പ്രൊഫ. ഇ. എം. ആൻറണി
സെൻറ് അലോഷ്യസ് കോളേജ്, എൽത്തുരുത്ത്

എറണാകുളം - പ്രൊഫ. വി. സി. ആൻറണി
സെൻറ് പോൾസ് കോളേജ്, കളമശ്ശേരി

ആലപ്പുഴ - പ്രൊഫ. എസ്. ഗോപിനാഥൻ പിള്ള
എം എസ് എം കോളേജ്, കായംകുളം

കോട്ടയം - പ്രൊഫ. എം. ജി. ഗോപാലകൃഷ്ണൻ നായർ
എൻ എസ് എസ് ഹിന്ദു കോളേജ്, ചങ്ങനാശ്ശേരി

പത്തനംതിട്ട - പ്രൊഫ. അലക്സാണ്ടർ കെ. സാമുവേൽ
സെൻറ് തോമസ് കോളേജ്, കോഴഞ്ചേരി

കൊല്ലം - പ്രൊഫ. കെ. വിജയധരൻ
എസ് എൻ വനിതാ കോളേജ്, കൊല്ലം

തിരുവനന്തപുരം - പ്രൊഫ. എം. ദിവാകരൻ നായർ
വി ടി എം എൻ എസ് എസ് കോളേജ്, ധനുവച്ചപുരം

## പ്രവർത്തക സമിതിയിലേക്കുള്ള സ്ഥിരം ക്ഷണിതാക്കൾ:

സർവകലാശാല
സിൻഡിക്കേററംഗങ്ങൾ : പ്രൊഫ. ടി. എൻ. രാമൻപിള്ള (കേരള)
പ്രൊഫ. കെ. ദാമോദരൻ (കോഴിക്കോട്)
പ്രൊഫ. ഇ. പി. മാത്യു (മഹാത്മാഗാന്ധി)

## സംസ്ഥാന കമ്മിററി അംഗങ്ങൾ

ജില്ലാ പ്രസിഡൻറുമാർ : പ്രൊഫ. ഇ. ദാമോദരൻ (കണ്ണൂർ/കാസർഗോഡ്)
പയ്യന്നൂർ കോളേജ്
പ്രൊഫ. ടി. സയ്ദ് (കോഴിക്കോട്/വയനാട്)
ഫാറൂഖ് കോളേജ്
പ്രൊഫ. പി. മമ്മദ് (മലപ്പുറം)
പി എസ് എം ഒ കോളേജ്, തിരൂരങ്ങാടി
പ്രൊഫ. പി. ഭക്താനന്ദൻ (പാലക്കാട്)
എൻ എസ് എസ് കോളേജ്, ഒററപ്പാലം
പ്രൊഫ. ഇ. രാജൻ (തൃശൂർ)
ശ്രീ കേരളവർമ്മ കോളേജ്
പ്രൊഫ. വി. പി. ശിവശങ്കരപിള്ള (എറണാകുളം)
എസ് എസ്. കോളേജ്, കാലടി
പ്രൊഫ. എ. രാജപ്പൻ നായർ (ആലപ്പുഴ)
എസ് ഡി കോളേജ്, ആലപ്പുഴ
പ്രൊഫ. വി. എൽ. ആൻറണി (കോട്ടയം/ഇടുക്കി)
സി എം എസ് കോളേജ്, കോട്ടയം
പ്രൊഫ. വർഗീസ് ജോർജ് (പത്തനംതിട്ട)
മാർത്തോമാ കോളേജ് തിരുവല്ല

പ്രൊഫ. ജെ. വി. പണിക്കർ (കൊല്ലം)
എസ് ജി കോളേജ്, കൊട്ടാരക്കര
പ്രൊഫ. എസ്. ശിവൻ (തിരുവനന്തപുരം)
എസ് എൻ കോളേജ് ചെമ്പഴന്തി

അംഗങ്ങൾ : പ്രൊഫ. കെ. മോഹൻ കുമാർ
ഡി ബി കോളേജ് ശാസ്താംകോട്ട
പ്രൊഫ. വി. എൻ. മുരളി
എം ജി കോളേജ്, തിരുവനന്തപുരം
പ്രൊഫ. എൻ. ജയദേവൻ
എസ് എൻ കോളേജ്, ചേർത്തല
പ്രൊഫ. എസ്. പരമേശ്വരൻ
ടി കെ എം എഞ്ചിനീയറിംഗ് കോളേജ്, കൊല്ലം
പ്രൊഫ. സി. ടി. ഫ്രാൻസിസ്
സെന്റ് തോമസ് കോളേജ്, പാലാ
പ്രൊഫ. ഡി. സലിംകുമാർ
എസ് എൻ എം കോളേജ്, മാല്യങ്കര
പ്രൊഫ. പി. എസ്. ഫിറോസ്
എസ് എൻ കോളേജ്, നാട്ടിക
പ്രൊഫ. സി. മുരളീധരൻ
എൻ എസ് എസ് കോളേജ്, നെന്മാറ
പ്രൊഫ. ടി. കെ. ശ്രീധരൻ
എം. ഇ. എസ്. കോളേജ്, പൊന്നാനി
പ്രൊഫ. പി. ടി. അബ്ദുൾ ലത്തീഫ്
ഫാറൂഖ് കോളേജ്, കോഴിക്കോട്
പ്രൊഫ. ജി. അശോകൻ
ടി കെ എം എം കോളേജ്, നങ്ങ്യാർകുളങ്ങര
പ്രൊഫ. പി. ഡി. ശശിധരൻ
ഡി ബി കോളേജ്, തലയോലപ്പറമ്പ്
പ്രൊഫ. ടി. കെ. ഗോപാലകൃഷ്ണൻ നായർ
എൻ എസ് എസ് കോളേജ്, പന്തളം
പ്രൊഫ. ജേക്കബ് സെബാസ്റ്റ്യൻ
സെന്റ് ജോസഫ് കോളേജ് മൂലമറ്റം.
പ്രൊഫ. എം. പി. ബലറാം
പി ആർ എൻ എസ് എസ് കോളേജ്, മട്ടന്നൂർ

## ലയ്സൺ ഓഫീസർമാർ

സെക്രട്ടറിയേറ്റ് ;

1. പ്രൊഫ. ആർ. മോഹന കൈമൾ,
വി ടി എം എൻ എസ് എസ് കോളേജ്, ധനുവച്ചപുരം
2. ഡോ. വിജയകുമാർ, മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം
3. ഡോ. വി. രാജേന്ദ്രൻനായർ,
വി ടി എം എൻ എസ് എസ് കോളേജ്, ധനുവച്ചപുരം

ഡി. സി. ഇ. ഓഫീസ്

1. പ്രൊഫ. ജോണി. കെ. ജോൺ, മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം
2. പ്രൊഫ. കെ. രാജു, എസ് എൻ കോളേജ്, ചെമ്പഴന്തി, തിരുവനന്തപുരം
3. പ്രൊഫ. എൽ. വിവേകാനന്ദൻ, എസ് എൻ കോളേജ് ചെമ്പഴന്തി, തിരുവനന്തപുരം

ഡെ. ഡി. സി. ഇ. ഓഫീസ് :

കോഴിക്കോട് : പ്രൊഫ. അബ്ദുറം ലത്തീഫ്, ഫറൂഖ് കോളേജ്, കോഴിക്കോട്

തൃശൂർ : പ്രൊഫ. എം. കെ. പത്മനാഭൻ, സെൻറ് തോമസ് കോളേജ്, തൃശൂർ

എറണാകുളം : പ്രൊഫ. എം. എ. ജോൺ, സെൻറ് ആൽബർട്ട്സ് കോളേജ്, എറണാകുളം

കോട്ടയം : പ്രൊഫ. കെ. മാത്യു, ബസേലിയസ് കോളേജ്, കോട്ടയം

കൊല്ലം : പ്രൊഫ. എ. സിറാജുദീൻ, ററി. കെ എം എഞ്ചിനിയറിംഗ് കോളേജ്, കൊല്ലം

യൂണിവേഴ്സിററികൾ :

കേരള യൂണി : 1. ഡോ. ജി. രവീന്ദ്രൻ, എസ് എൻ കോളേജ്, കൊല്ലം
2. പ്രൊഫ. എസ്. ജയരാജ് കുമാർ, എസ് എൻ കോളേജ്, വർക്കല

മഹാത്മാഗാന്ധി യൂണി : 1. പ്രൊഫ. തോമസ് ജോസഫ്, കെ ഇ കോളേജ്, മാന്നാനം
2. പ്രൊഫ. സക്കറിയാ ഉമ്മൻ, സി എം എസ് കോളേജ്, കോട്ടയം

കോഴിക്കോട് യൂണി ; 1. പ്രൊഫ. വി. രാജഗോപാലൻ, മലബാർ ക്രിസ്ത്യൻ കോളേജ്, കോഴിക്കോട്
2. പ്രൊഫ. വി. മമ്മദ്, പി എസ് എം ഓ കോളേജ്, തിരൂരങ്ങാടി

## അക്കാദമിക് കമ്മിററി

1. പ്രൊഫ. പി. ജെ. ഫിലിപ്പ് (കൺവീനർ) സെൻറ് തോമസ കോളേജ്, കോഴഞ്ചേരി
2. പ്രൊഫ. മാമ്മൻ വർക്കി, പ്രിൻസിപ്പൽ, ബിഷപ്പ് മൂർ കോളേജ്, മാവേലിക്കര
3. പ്രൊഫ. കെ. എൻ. ഗണേഷ്, മലബാർ ക്രിസ്ത്യൻ കോളേജ്, കോഴിക്കോട്
4. പ്രൊഫ. കെ. കെ. ജി. പിള്ള, എൻ എസ് എസ് കോളേജ്, വാഴൂർ
5. പ്രൊഫ. എ. പി. തോമസ്, സി എം എസ് കോളേജ്, കോട്ടയം
6. പ്രൊഫ. ഭുവനേന്ദ്രൻ, എസ് എൻ കോളേജ്, കൊല്ലം
7. പ്രൊഫ. വി. എൻ. മുരളി, എം ജി കോളേജ്, തിരുവനന്തപുരം
8. പ്രൊഫ. സൈനുൽ ഹുക്കുമാൻ, എസ് എസ് കോളേജ്, തളിപ്പറമ്പ്

സർവീസ് സെൽ :

1. പ്രൊഫ. സി. കെ. ഗോപി (കൺവീനർ), ഡി ബി കോളേജ്, ശാസ്താംകോട്ട
2. പ്രൊഫ. പി. ഹരിദാസൻ, എസ് എൻ കോളേജ്, കൊല്ലം
4. പ്രൊഫ. പി. രവീന്ദ്രനാഥൻ നായർ, എസ് ഡി കോളേജ്, ആലപ്പുഴ

# WORK COMMITMENT OF COLLEGE TEACHERS & UNIVERSITY EDUCATION

Dr. P. S. MOHANA KUMAR *

The art of leading out or the art of bringing up through imparting knowledge, skills, values and character for the total development of the individual is the basic concept of education. Teachers play a crucial role in the qualitative improvement and excellence in higher education. Work commitment, quality and excellence are highly correlated especially in view of the rapid changes in all fields of knowledge.

Successful teaching involves updating knowledge and keeping pace with the latest trends and practices in higher education. In-service courses, academic audit and similar practices in the stream of higher education help to improve the quality of the teacher, his general and professional knowledge, his calibre and personality, work commitment and professional development of teac ers help teachers to move from one level of performance to a higher level performance, where performance is a function of his ability (A), knowledge (K) and motivation (M) ie $P = M (A+K)$. The quantitatve and qualitative change in education depends upon the performance of the institution and performance of the teacher along with the quality of students. Effective teaching is a part of effective learning and self devlopment. Work commitment is inextricably intertwined and interrelated with the following facts:

(a) Accountability (b) Professionalism
(c) Assessment and Accreditation and
(d) In-service Courses.

Accountability refers to a periodical and contiuing account of task performed to concerned authorities with the aim of modifying performance through corrective action. It distinguishes between the desirable and undesirable performance. Peofessional accountability refers to knowledge and application of skills and techniques that are revealed through research and other pedagogic exercises. Accountability and social audit if properly introduced is bound to lift the quality of education. Educational accountability is still in its infancy stage in India. It can be ensured through self appraisal or through other set and transperant norms. To improve accountability very serious steps are to be made in this field.

Professionalism can be examined from various grounds ranging from research

* Reader in Economics, Sree Sankara College, Kalady, Member, Academic Committee, AKPCTA

work, seminar papers, authoring of books, review and editing, joint authorship, work- ng as resource person for refresher courses workshops, seminars, panel discussion and debates, conducting lectures, extension lectures, conference, study circle, attendig summer institutes, refresher courses, visi- ing foreign countries for academic purpo- ses, acquiring additional and higher qualifications including certificate courses, NSS work, introduction of new and inno- vative teaching methods, membership in academic bodies viz Board of Studies Academic Council, Curriculam Restructur- ing Committee, Accreditation Committee, Consortium for Educational Communication for producing programmes for countrywide classroom (CWCR) telecast, etc. To include all these things, the present performance Appraisal form is to be thoroughly revised. The professional performance can be easily rated on a 5 point scale and those securing 3 points and above are always an asset to an institution. In a nut shell professionalism includes excellence in learning, teeching and research. All in professional activities including repetitive research are to be discouraged. For this a five point scale for Research Rating is to be introduced in all universities in India. It is absolutlely necessary to undertake research activities of a high order with the level of national and inter-national execllence. IIT Delhi' Delhi University Teachers Association (DUTA) and Manipal University have evo- lved their own techniques to measure performance.

In the era of privatisation, liberaliza- tion and globalization, assessment of performance on rigorous terms is absolutely necessary for existence and inter-national excellence. The Jarrat Committee (1985) recommendations can be taken as a basis for evaluation. It must cover students, teachers, department, colleges and univer- sities seperatly for assessment. For qua- litative improvement in education each educational institution is to be graded on a five point scale, so as to distinguish between healthy units and sick units. Liberalisation wrongly assumed to be a synonym for commercialisation, is consid- ered to be a source of entry for all in the educational sector. Multiple intervention through multiple channels by various age- ncies (UGC, AICTE, NAAC & Government) without affecting the autonomy alone can ensure quality. Performance assessments will relegate mediocre institions to the background. In the wake of world Trade Organisation movement of 'natural per- sons' to developed countries is subjected to quality. The urgent need of the day is that an "independent body of evaluation committee consisting of educationalists' alone must check total quality and issue quality certificates subject to survelliance audit once in three years. The recruitment of learned faculty down to the admission of real learners (students) are to be made an integral part of accreditation. Other areas to look into are, introduction of six semesters for UG students and four seme- sters for PG students (with minimum 80% attendance in each semester) ensuring engagement of minimum number of teach- ing days (180) by each teacher either by cutting down holidays or by engaging additional days etc. The admission creteria is to be strictly on the basis of ability to learn and acquire skills and knowledge and not on the ability to pay. "Educational cess" is justifiable for all the expenses incurred over and above 6% of GNP and that too scientifically realised from primary beneficiary (according to the ability to pay principle, once admitted on merit basis secondary beneficiary and user agencies (Industries and service sector).

The objectives of in-service courses are very wide. It must enable a teacher to devise a new curricula, besides improving quality, commitment and enthusiasm of the teacher and the teaching profession. The course must provide theoretical background of the social, philosophical, psychological, pedagogical, technological and inter-disciplinary aspects of education. The qualitative and quantitative improvement in education will enable the teacher to grow professionally, to face new challenges in education, and to boost the morale of teachers. In-service courses will also help to share innovative experiences and techniques and broaden the professional outlook and strengthen the confidence of the participants. The communication skills, subject upgradation, personality development, teacher competency, and research methodology, etc. covered by Academic Staff Colleges will help improvement in teaching skills and work commitment.

For quality assurance in higher education work commitment of teachers is absolutely necessary. But it is only a part of the whole drama. There are many other areas related to quality. Lack of motivation on the part of students is equally serious as is the lack of commitment on the part of the teachers. The present practice of admitting all to the stream of higher education is to be done away with. The crowd of students is to be diversified to different channels after higher secondary level. Only a real studious learner can keep the teachers academically current and up to-date. Irresponsible, disinterested students coupled with traditional subjects tear the very fabric of education. Hence, government must consider education as the priority sector, more important than Defence or Space. Let "Growth and Productivity" be the main goal of VISION 2000 A D.

Last, but not least, is the teacher status in the community. To increase loyalty and commitment to students and institution academics should be well paid. Teaching is one of the noblest professions in the world. Career satisfaction is positively linked with excellent pay package and social status. Total academic freedom devoid of a threatening atmosphere with adequate incentives only help professional development. Unnecessary and autocratic approach of administrators including govrnment officials and other funding agencies are demotivating factors. A congenial atmosphere alone will inspire teachers to perform better and better and enables to work as a team. A word to the educational administrators: Instead of 'managing' you should 'lead' others in getting things done. Correcting a teacher is better than punishing a teacher. The basic requirement in professional development is job satisfaction. Let me remember with respect and reverence Pandit Nehru who put It scholarly 'If all is well within the universities, all would be well within the nations.' Teacher career spent in colleges should not be like 'baby-sitting' years as Prof. Amrik Sing calls it. It is high time to save the higher education system from degradation as mentioned in the National Policy of Education 1986. Teachers play a crucial role in the process of revamping, revitalising and reforming the higher education sector.

---

എകെപിസിടിഎ നേതാക്കൾ ആഗസ്റ്റ് 6 മുതൽ ബ്രാഞ്ചുസന്ദർശം നടത്തുന്നു. സന്ദർശനപരിപാടികൾ ജനറൽ സെക്രട്ടറി അറിയിക്കുന്നതാണ്.

---

## ABSTRACT OF Ph. D THESIS

# Financial Administration of Panchayats in Kerala

Dr V. K. GOPI,
Dept. of Commerce,
S. N. College,
Nattika,
Thrissur.

Supervising Teacher
Dr. M. SARNGADHARAN,
Prof and Head,
Dept. of Commerce
University of Kerala.

Thesis submitted— July 1991

Degree awarded — Dec. 1992

### THE PROBLEM

Local Governments, especially the Panchayats, act as agents of development n the rural areas of Kerala. Smooth working of the panchayats as also the socio-economic development of the area depends up on the availability of adequate funds and their proper utilisation. The needs of the panchayats are increasing at faster rate but the resources to satisfy these needs are strictly limited. Income from taxes, which is the main source of income of the panchayats in Kerala, is heading towards stagnation due to the economic and political conditions prevailing in the state and the possibility of getting further grants from the government s also limited due to the financial constraints of the government. The fundamental problem of panchayat finance in Kerala may now be stated quite simply. It is how o provide the money necessary to meet the cost of the services carried out without imposing an intolerable burden upon the tax payers and without the local bodies becoming unduly dependent upon assistance from the state government. Such being the situation making the best use of the available resources and channelling them into proper fields of expenditure is an important task. When the resources are strictly limited and rhe needs know no bounds, it becomes a matter of utmost importance to exploit fully the resources and to avoid all waste due to laxity, lack of prudence, or administrative inefficeincy The present study is an analysis of the problems involved in the better exploitation and utilisation of the available resources of the panchayats in Kerala.

### SIGNIFICANCE

In the present context of democratic decentralisation, local self-governments especially the panchayats are gaining more importance than ever before. These institutions are facing many problems mainly

in the area of resource mobilisation and its management. So the findings of the study will be of great use mainly to the elected representatives of the panchayats, planners etc.

## METHODOLOGY

The study covered the whole State of Kerala. 10 per cent of the panchayats from each district were selected on a random basis giving due representation to 4 different grades of panchayats. On the whole 107 panchayats-34 special grade panchayats, 43 first grade panchayats, 23 second grade panchayats and 7 third grade panchayats-were selected for the study. Views of the residents in the panchayats were also obtained in relation to the welfare measures extended. Thus, primary data for the study were collected by means of two pre-tested questionnaires- one for panchayat executives and the other for the residents. Discussions were also held with the panchayat presidents, political leaders and officials of tha panchayat department.

Data collected were analysed district-wise and grade-wise to find out variations, if any, and an attempt was also made to bring out the factors underlying such variations. For the analysis and test purposes mathematical tools like averages and percentages and statistical tools like analytsis of variance, Kolmogorov-Simirnov's wo way sample test ond average annual growth rate were used.

## MAJOR FINDINGS

1. Income from taxes is the most important source of income of the special grade panchayats contributing 45.61 percent of total income in 1987-'88. During the period under review receipts from tax revenue showed an increasing trend in all grades of panchayats with the exception of third grade panchayats. Significant inter-district variations were also noted in all grades of panchayats.

2. Significant inter-district and inter grade variations exist in the rates of taxes levied.

3. Arrears of taxes were quite insignificant.

4. Majority of the panchayats in Kerala do not avail thsmselves of the facilities of public borrowing.

5. Third grade panchayats depend heavily on government grants to meet their day to day expenses. During 1987-88 63.52% of their total income came from government grants.

6. The expenditure on establishment is continuously on the incraase in all grades of panchayats.

7. Panchayats in Kerala confine their activities mainly to the provision of drinking water, street lighting, roads, sanitary arrangements etc. Their contribution towards developmental activities like agriculture, Industry, irrigation education and public health are quite nsignificant mainly because of the existance of departments like agriculture, industry, education, health etc. under the direct control of the State Government.

The study was conducted in an exploratory manner and areas for further esearch was also pointed out.

---

എകെപിസിടിഎ ഓഫീസിന്റെ വിലാസം:

എ. കെ. പി. സി. ടി. എ. സംസ്ഥാന കമ്മിറ്റി ഓഫീസ്
വഞ്ചിയൂർ, തിരുവനന്തപുരം-35
പിൻകോഡ്-695035 ഫോൺ-463494

---

# എസ്. എൻ. കോളേജദ്ധ്യാപക സ്ഥലം മാററത്തിലെ അപാകതകൾ പരിഹരിക്കുക

ആർ. മോഹൻകുമാർ, സെക്രട്ടറി

ശാന്തമായ കലാലയാന്തരീക്ഷത്തിൽ മാത്രമാണ് അദ്ധ്യയനം പൂർണ്ണമായി നിർവ്വഹിക്കപ്പെടുന്നത്. അദ്ധ്യാപനം അദ്ധ്യയനപ്രക്രിയ വിജ്ഞാനത്തിന്റെ യാന്ത്രികമായ കൈമാററമല്ല. അദ്ധ്യാപകന്റെ സംതൃപ്തമായ മനസ്സ് ഈ ധർമ്മം നിറവേററുന്നതിന് അത്യന്താപേക്ഷിതമാണ്. ഭരണപരമായ നടപടിക്രമങ്ങളിൽ തുല്യനീതി തനിക്ക് ലഭിച്ചിട്ടുണ്ടെന്ന അനുഭവവും അറിവുമാണ് ഈ സംതൃപ്തിക്കാധാരം. സ്ഥലംമാററ പ്രക്രിയയിൽ ഈ തുല്യനീതി കോർപ്പറേററ് മാനേജ്മെൻറിലെ കോളേജധ്യാപകന് ലഭിക്കുന്നതിനുവേണ്ടിയാണ്. സ്ഥലംമാററങ്ങൾക്ക് മാനദണ്ഡം വേണമെന്ന് എ കെ പി സി ടി എ വർഷങ്ങളായി ആവശ്യപ്പെട്ടു പോന്നത്. ഈ ഒരാവശ്യത്തിന് നേരെ പുറംതിരിഞ്ഞു നിൽക്കുകയാണ്. മാനേജ്മെൻറുകൾ ഇന്നുവരെ ചെയ്തുപോന്നത്.

അദ്ധ്യാപകരെ ശിക്ഷിക്കുന്നതിനുള്ള മാർഗമായിട്ടായിരുന്നു മിക്കപ്പോഴും മാനേജുമെൻറുകൾ സ്ഥലം മാററാനുള്ള അധികാരം വിനിയോഗിച്ചിരുന്നത്. 1988-ൽ നടപ്പിലായ അന്തർ സർവകലാശാലാ സ്ഥലംമാററ നിയമം, വൈരനിര്യാതന ബുദ്ധിയോടുകൂടിയുള്ള സ്ഥലം മാററങ്ങൾക്ക് അർദ്ധ വിരാമം നൽകി. അദ്ധ്യാപകരെ ഒരു സർവകലാശാലാ പരിധിയിൽ വരുന്ന കോളേജുകളിൽ മാത്രമേ സ്ഥലം മാററി ബുദ്ധിമുട്ടിക്കാൻ കഴിയൂ എന്ന അവസ്ഥയുണ്ടായി. എന്നിരുന്നാൽ പോലും അവശിഷ്ട അധികാരം, ഇഷ്ടക്കാരെയും പാദസേവകരെയും അവർക്കിഷ്ടപ്പെട്ട സ്ഥലങ്ങളിൽ വഴിവിട്ട് കുടിയിരുത്താനും, ആദർശവും ആശയദാർഢ്യവുമുള്ള സംഘടനാ പ്രവർത്തകരെ ഉപദ്രവിക്കാനും വേണ്ടി മാനേജുമെൻറുകൾ ഉപയോഗപ്പെടുത്തുകയാണുണ്ടായത്.

ജൂൺ മാസത്തിൽ എസ്. എൻ. കോളേജുകളിൽ നടന്ന അദ്ധ്യാപക സ്ഥലംമാററവും മേൽപറഞ്ഞതിന് അപവാദമായിരുന്നില്ല. പ്രസ്തുത സ്ഥലംമാററ ഉത്തരവിൽ മൂന്നു തരത്തിലുള്ള അപാകതകളാണ് പ്രകടമായി കാണപ്പെടുന്നത്. വിദൂര സ്ഥലങ്ങളിൽ ദീർഘകാലം പ്രവൃത്തിയെടുത്ത പല അദ്ധ്യാപകർക്കും, അർഹതയുണ്ടായിട്ടുപോലും, അവർക്ക് വേണ്ട കോളേജുകളിലേക്ക് സ്ഥലംമാററം ലഭിച്ചിട്ടില്ല. മാനേജ്മെൻറിന് താല്പര്യമുള്ള പലരെയും ചില പ്രത്യേക കോളേജുകളിൽ നിലനിർത്തുന്നതിനു വേണ്ടി, ദൂരസ്ഥലങ്ങളിൽ വളരെക്കാലം സർവീസുള്ള അദ്ധ്യാപകരെത്തന്നെ വീണ്ടും വളരെയകലെയുള്ള കോളേജുകളിലേക്ക് സ്ഥലം മാററിയിട്ടുണ്ട്. മാനേജ്മെൻറിലെ ചിലരുടെ രാഷ്ട്രീയ താല്പര്യങ്ങൾക്ക് വിധേയമായി പ്രവർത്തിക്കാത്ത അദ്ധ്യാപകരെയും, പ്രിൻസിപ്പൽമാരുടെ അനീതിക്ക് കൂട്ടുനില്ക്കാത്ത അദ്ധ്യാപകരെയും പ്രതികാരബുദ്ധിയോടെ സ്ഥലം മാററിയിട്ടുണ്ട്. നാട്ടികയും നങ്ങ്യാർകുളങ്ങരയും ചേളന്നൂരും നടന്ന സ്ഥലംമാററങ്ങളിൽ പലതും മൂന്നാമത്തെ ഗണത്തിൽ പെടുന്നതാണ്. ഏപ്രിൽ മാസത്തിൽ എസ്. എൻ. മാനേജരും എ കെ പി സി ടി എ പ്രതിനിധികളുമായി നടന്ന ചർച്ചയുടെ അന്തസത്തയ്ക്ക് കടകവിരുദ്ധമായി നടന്നതാണ് മേൽപറഞ്ഞ സ്ഥലംമാററങ്ങൾ.

ട്രാൻസ്ഫർ ഓർഡർ പുറത്തു വന്നതിനു ശേഷം ട്രസ്ററ് സെക്രട്ടറിയുമായി നടന്ന ചർച്ചയിൽ, ഇത്തരം അപാകതകൾ പരിഹരിക്കാമെന്ന്, സംഘടനയ്ക്ക് ഉറപ്പു നൽകിയിട്ടുണ്ട്. കോളേജദ്ധ്യാപകരെ ഒരു പ്രക്ഷോഭത്തിലേക്ക് തള്ളിവിടാതെ, സംഘടനയ്ക്ക് നൽകിയ ഉറപ്പു പാലിക്കാൻ മാനേജ്മെൻറ് തയ്യാറാകണമെന്ന് എ കെ പി സി ടി എ ആവശ്യപ്പെടുന്നു. കോളേജുകളുടെ അക്കാദമിക് അന്തരീക്ഷം കൂടുതൽ ചൈതന്യ വത്താക്കുന്നതിനു വേണ്ടി സംഘടന നടത്തുന്ന പരിശ്രമം വിജയിപ്പിക്കാനുതകുന്ന, അനുരഞ്ജനത്തിന്റെ ഒരു കാലാവസ്ഥയുണ്ടാക്കാൻ ഞങ്ങൾ മാനേജ്മെൻറിനോട് ആവശ്യപ്പെടുന്നു. □



# കാഥികസമ്രാട്ടിന് ആദരാഞ്ജലി

കഥാപ്രസംഗ സമ്രാട്ട് പ്രൊഫ. വി. സാംബശിവൻ 1996 ഏപ്രിൽ 23-ാം തീയതി അന്തരിച്ചു. അതുല്യനായ വാഗ്മി, കവി. നോവലിസ്റ്റ്, ഗായകൻ, നടൻ, സംഘാടകൻ രാഷ്ട്രീയ പ്രവർത്തകൻ എന്നിങ്ങനെ നീളുന്നു ആ ബഹുമുഖ പ്രതിഭാ ശാലിതയ്ക്ക് ഇണങ്ങുന്ന വിശേഷണങ്ങൾ.

ഹരികഥയിൽ വേരുള്ള കലാരൂപമാണല്ലോ കഥാപ്രസംഗം. ശ്രീ. സി. എം. സത്യദേവനത്രെ ആദ്യ കഥാപ്രസംഗകൻ. അദ്ദേഹത്തിന്റെ പിൻഗാമികൾ ഏറെ പ്രഗത്ഭമതികൾ അരങ്ങിലെത്തി. അവരിൽ നാല്പതുകളുടെ അവസാനം വേദിയിലെത്തിയ സാംബശിവൻ ആണ് ആധുനിക കഥാപ്രസംഗത്തിന്റെ ശില്പി.

കോളേജ് വിദ്യാഭ്യാസത്തിന് പണമില്ലാതെ ക്ലേശിച്ച പതിനെട്ടുകാരനായ സാംബശിവന്റെ സ്വാശ്രയ ബോധം കണ്ടെത്തിയ ധനാഗമമാർഗമായിരുന്നു അദ്ദേഹത്തിന്റെ ആദ്യ കഥാപ്രസംഗ ശില്പമായ ചങ്ങമ്പുഴയുടെ 'ദേവത'. അത് വിജയിച്ചു കോളേജ് വിദ്യാഭ്യാസം നേടവെ. കഥാപ്രസംഗ പ്രേമികൾ അസാമാന്യ ഗ്ലാമറുള്ള ആ യുവ കാഥികനെ അരങ്ങിൽ നിന്ന് അരങ്ങിലേക്ക് ആനയിച്ച് വലിയ കഥാപ്രസംഗകനാക്കി സാഹിത്യാഭിരുചി, അവതരണശേഷി, സംഭാഷണ ചാതുരി, സ്വരമാധുരി-എല്ലാം വേണ്ടുവോളം ഇണങ്ങിച്ചേർന്ന ആ അത്ഭുത പ്രതിഭ കേരളത്തിലെ ജനസാമാന്യത്തിന്റെ കണ്ണിലുണ്ണിയായി ജീവിതത്തിൽ സ്വയം അനുഭവിച്ച കഷ്ടപ്പാടും ക്ലേശവും സാംബശിവനെ കഷ്ടപ്പെടുന്നവരോടും ക്ലേശിക്കുന്നവരോടും അനുഭാവവും ആഭിമുഖ്യവുമുള്ള കലാകാരനാക്കി. അവർക്കുവേണ്ടി അവരുടെ സൗന്ദര്യബോധത്തിനിണങ്ങുന്ന സ്വതസിദ്ധമായ ശൈലിയിൽ അദ്ദേഹം മൊഴിഞ്ഞു, പാടി. ദുഃഖിതരുടെയും ചൂഷിതരുടെയും പ്രസ്ഥാനങ്ങളുടെ വക്താവും പ്രയോക്താവുമായി അദ്ദേഹം മാറി. സ്റ്റുഡന്റ്സ് ഫെഡറേഷന്റെ ആദ്യത്തെ സംസ്ഥാന പ്രസിഡന്റ് ആയിരുന്നു അദ്ദേഹം. പുരോഗമന കഥാപ്രസംഗ കലാസംഘടനയുടെ സ്ഥാപക പ്രസിഡന്റായ അദ്ദേഹം, മരണം വരെ ആ സ്ഥാനത്തുണ്ടായിരുന്നു. പുരോഗമന പ്രസ്ഥാനങ്ങളുടെ ചേരിയിലെ പ്രസക്ത ശക്തിയായ എ കെ പി സി ടി എ യുടെ ഉറ്റ ബന്ധുവായിരുന്നു സാംബശിവൻ. പ്രിഡിഗ്രി ബോർഡ് സമരത്തിലും, ഫാത്തിമാ കോളേജ് സമരത്തിലും, അൺ എയ്ഡഡ് കോളേജുകൾക്കെതിരെയുള്ള പ്രക്ഷോഭങ്ങളിലും നമ്മുടെ സന്ദേശങ്ങൾ സാംബശിവൻ വമ്പിച്ച പൊതുജനാവലിയെ സമാകർഷിച്ച് വിളംബരം ചെയ്തത് അദ്ധ്യാപകർ ഓർക്കുന്നുണ്ടാവും. അദ്ദേഹം അവസാനം പ്രസംഗിച്ചതും കൊല്ലം ചിന്നക്കടയിലെ അൺഎയ്ഡഡ് കോളേജുകൾക്കെതിരായ സത്യാഗ്രഹപന്തലിന് മുന്നിൽ കൂടിയ യോഗത്തിലായിരുന്നു.

മഹാകവിത്രയങ്ങളുടെ ഖണ്ഡകാവ്യങ്ങൾ കഥാപ്രസംഗമാക്കുന്ന കീഴ്‌വഴക്കം ലംഘിച്ച് അദ്ദേഹം വിദേശ നാടകങ്ങളും നോവലുകളും കഥാപ്രസംഗ ശില്പങ്ങളാക്കി. അനിസ്യ ഒഥെല്ലോ, അന്നാകരീനിന, റിസറക്ഷൻ, ക്ലിയോപാട്ര, ആന്റിഗണി, ഫൗസ്ററ്, കാരമസോവ് സഹോദരൻമാർ, ഡോൺ ശാന്തമായൊഴുകുന്നു, നല്ലഭൂമി, ദേശസ്നേഹി . . , അങ്ങനെ പോകുന്നു ആ പട്ടിക. ബൃഹത്തായ ബംഗാളി നോവൽ 'വിലയ്ക്കു വാങ്ങാം' കൈക്കുമ്പിളിലാക്കി സഹൃദയ സമക്ഷം പകർന്നപ്പോൾ കഥാപ്രസംഗ ചരിത്രത്തിൽ ശ്രദ്ധേയമായ സംഭവമായി അത് രേഖപ്പെടുത്തപ്പെട്ടു.

കഥയിലെ കഥാപാത്രങ്ങൾക്ക് അനുയോജ്യമായ സംഭാഷണം സ്വരഭേദം കൊണ്ട് സാംബശിവൻ അവതരിപ്പിക്കുന്നത് വിസ്മയത്തോടെ കേട്ടുനിന്നവരാണ് കേരളീയർ. കഥാപ്രസംഗ തിരക്കഥയും കവിതയും സാംബശിവൻ തന്നെയാണ് രചിച്ചിരുന്നത്. മിക്ക കഥകളുടെയും പാട്ടുകൾക്ക് ഈണം പകർന്നതും സ്വയമായിരുന്നു.

ലോകത്ത് ഏററവും കൂടുതൽ ജനങ്ങളെ അഭിസംബോധന ചെയ്തു സംസാരിച്ചത് സാംബശിവനാണ്. ഗിന്നസ് ബുക്കിൽ രേഖയാവാത്ത ഒരു അപൂർവ്വ മലയാളി ലോക റെക്കോഡാണ് ഇത്. 1949 മുതൽ 48 വർഷം കൊണ്ട് 60 ഓളം കഥകൾ പതിനയ്യായിരത്തോളം വേദികളിൽ പറഞ്ഞ സാംബശിവൻ നോവലുകളും യാത്രാ വിവരണങ്ങളും ലേഖന, ഗാന സമാഹാരങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'പല്ലാങ്കുഴി' എന്നസിനിമയിൽനായകവേഷത്തിലും 'കുമാരനാശാൻ' എന്ന ഡോക്യുമെൻററി സിനിമയിൽ ആശാനായും അഭിനയിച്ചിട്ടുണ്ട്. KPAC യുടെ നിങ്ങളെന്നെ കമ്മ്യൂണിസ്ററാക്കിയതിൽ ആദ്യത്തെ 100 വേദിയിൽ നായകനായി വേഷമിട്ടു. സംഗീതനാടക അക്കാദമി ഫെല്ലോഷിപ്പിന് അർഹനായിട്ടുണ്ട് സാംബശിവൻ. സംഗീതനാടക അക്കാദമി അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. കേരള സർവ്വകലാശാലയുടെ കഥാപ്രസംഗ കോഴ്സിലെ വിസിററിംഗ് പ്രൊഫസറായിരുന്നു സാംബശിവൻ സിങ്കപ്പൂർ, ഗൾഫ്നാടുകൾ, അമേരിക്ക തുടങ്ങിയ വിദേശങ്ങളിൽ അദ്ദേഹം കഥാപ്രസംഗം പറഞ്ഞിട്ടുണ്ട്.

സാംബശിവന്റെ സഹധർമ്മിണി സുഭദ്രയാണ്. ഇവർക്ക് നാലു പുത്രൻമാരും ഒരു പുത്രിയും ഉണ്ട്. സീമന്തപുത്രൻ വസന്തകുമാർ എ കെ പി സി ടി എ യുടെ സജീവ പ്രവർത്തകനും (കൊല്ലം എസ്. എൻ. കോളേജ്) കഥാപ്രസംഗകനുമാണ്.

സാംബശിവന്റെ നിര്യാണം സാംസ്കാരിക കേരളത്തിനും ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്കും തീരാനഷ്ടമാണ്.

വരിക്കാരുടെ പുതിയ ലിസ്ററ് ഉടൻ തന്നെ മാനേജിംഗ് എഡിററർക്ക് അയയ്ക്കുക. ഒപ്പം വരിസംഖ്യയും എത്തിക്കണം. ജേർണൽ ബണ്ടിലായി കോളേജിലേക്ക് അയയ്ക്കണമെങ്കിൽ അറിയിക്കുക. എണ്ണവും കാണിക്കണം. വാർഷിക വരിസംഖ്യ 25 രൂപ. വരിസംഖ്യ സംബന്ധിച്ച എല്ലാ വിവിരങ്ങളും മാനേജിംഗ് എഡിററർക്കാണ് അയയ്ക്കേണ്ടത്.

വിലാസം:

T. N. Manoharan
Vadayakkattu House
Kunnnkuzhi P. O.
Thiruvananthapuram-37
Pin : 695 037

സംസ്ഥാന പ്രവർത്തക ക്യാമ്പ് 1996 ആഗസ്ററ് 3, 4 തീയതികളിൽ പീച്ചിയിൽ ഓരോ ബ്രാഞ്ചിൽനിന്നും സെക്രട്ടറി ഉൾപ്പെടെ രണ്ടുപേരെങ്കിലും പങ്കെടുക്കണം. സംഘടനയുടെ പ്രവർത്തകസമിതി, സംസ്ഥാന കമ്മിററി അംഗങ്ങൾ [illegible] യൂണിവേഴ്സിററി സർവ്വകലാശാലകളിലെ സെനററ്, അക്കാദമിക് കൗൺസിൽ, ബോർഡ് ഓഫ് സ്ററഡീസ് അംഗങ്ങൾ എന്നിവരുടെ സാന്നിദ്ധ്യവും ക്യാമ്പിൽ ഉണ്ടാകണമെന്ന് ജനറൽ സെക്രട്ടറി അറിയിക്കുന്നു.

# അദ്ധ്യാപക പ്രതിഷേധം

യാതൊരു തത്വദീക്ഷയുമില്ലാതെ, വിദ്യാഭ്യാസ സ്ഥാപനങ്ങളാകെ കലുഷിതമാക്കുംവിധം അദ്ധ്യാപകരെ കൂട്ടത്തോടെ സ്ഥലം മാററിയ എസ് എൻ ട്രസ്ററ് മാനേജ്മെൻറിൻെറ നടപടിക്കെതിരെ എ കെ പി സി ടി എ തൃശൂർ ജില്ലാ കമ്മററിയുടെ നേതൃത്വത്തിൽ നാട്ടിക എസ് എൻ കോളേജിന് മുന്നിൽ അദ്ധ്യാപക ധർണ്ണ നടന്നു.


പൊതു തിരഞ്ഞെടുപ്പിലുണ്ടായ ദയനീയ പരാജയത്തെത്തുടർന്ന് വെകിളി പിടിച്ച ട്രസ്ററ് ചെയർമാൻ രാഷ്ട്രീയ പകപോക്കലിന് അധികാരം ദുരുപയോഗം ചെയ്യുന്നത് പ്രതിഷേധാർഹമാണെന്ന് ധർണ്ണ ഉദ്ഘാടനം ചെയ്തുകൊണ്ട് സ: കൃഷ്ണൻ കണിയാംപറമ്പിൽ M.L.A. ഓർമ്മപ്പെടുത്തി. തൻെറ പരാജയത്തിന് കാരണക്കാരായ ബഹുജനങ്ങളോട് പ്രതികാരം ചെയ്യാൻ വഴിയില്ലാത്തതിനാലാണ് അദ്ധ്യാപകരുടെ മേൽ ട്രസ്ററ് നേതൃത്വം കുതിരകയറുന്നത് എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

സ: കെ. വി. പീതാംബരൻ (സി പി ഐ (എം) ഏരിയാ സിക്രട്ടറി; ശ്രീ അബ്ദുൾ മജീദ് (കെ എസ് ടി എ) സ: പോവിൻഡ് (ഡി വൈ എഫ് ഐ) പ്രൊഫസർ കെ. ദാമോദരൻ (കാലിക്കററ് യൂണി: സിൻഡിക്കേററ് അംഗം) ശ്രീ രാജഗോപാൽ (എകെപിസിടിഎ കാലിക്കററ് മേഖലാ സിക്രട്ടറി). സ; കെ വി വാസു (S F I), സ; സുനിൽ (AISF) പ്രൊഫ. എം മുരളീധരൻ എന്നിവർ ധർണയെ അഭിവാദ്യം ചെയ്തു സംസാരിച്ചു.

പ്രൊഫ. എ. എം. കൃഷ്ണൻ സ്വാഗതവും പ്രൊഫ. പി. എൻ. നാരായണൻ നന്ദിയും പറഞ്ഞു.

## ബിൽഡിംഗ് ഫണ്ട് നൽകുക

നമ്മുടെ സംസ്ഥാന കമ്മിററിയുടെ ഓഫീസിൻെറ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറിയെങ്കിലും പണി പൂർത്തിയായിട്ടില്ല. ബിൽഡിംഗ്ഫണ്ട് വിഹിതം നൽകാത്ത ബ്രാഞ്ചുകൾ തുക അടിയന്തിരമായും ജനറൽ സെക്രട്ടറിയുടെ പേരിൽ അയയ്ക്കുക.



നാട്ടിക SN കോളേജിലെ A.K.P.C.T.A. യുടെ പ്രവർത്തകരെ കൂട്ടത്തോടെ സ്ഥലം മാററിയ S. N. Trust മാനേജരുടെ നടപടിയിൽ പ്രതിഷേധിച്ച് നടന്ന കൂട്ടധർണ്ണ ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ M. L. A. ഉദ്ഘാടനം ചെയ്തു

സംസ്ഥാന സമ്മേളനം

(8-ാംപേജിന്റെ തുടർച്ച)

പ്രതിനിധികളുടെ ഗ്രൂപ്പ് ചർച്ചയാണ് രണ്ടാം ദിവസം രാത്രിയിൽ നടന്നത്, ജില്ല തിരിഞ്ഞ് നടത്തിയ ചർച്ചയിൽ ഒരു വർഷത്തെ സംഘടനാ പ്രവർത്തനത്തിന്റെ നേട്ടവും കോട്ടവും പ്രതിനിധികൾ വിലയിരുത്തി, വിമർശനവും സ്വയം വിമർശനവും നിറഞ്ഞു നിറഞ്ഞുനിന്ന ഈ ചർച്ച സംഘടനയുടെ ഭാവി കാല പ്രവർത്തനങ്ങൾക്ക് ഏറെ വെളിച്ചം പകർന്നു.

## വിരമിക്കുന്ന അദ്ധ്യാപകർക്ക് യാത്ര അയപ്പ്


സമ്മേളനത്തിന്റെ മൂന്നാം ദിവസം, സർവ്വീസിൽ നിന്നും വിരമിക്കുന്ന സംഘടനാംഗങ്ങൾക്ക് യാത്രഅയപ്പ്, പ്രതിനിധി സമ്മേളനത്തിന്റെ തുടർച്ച, തെരഞ്ഞെടുപ്പ് എന്നിവയാണ് പ്രധാനമായി നടന്നത്,

സംഘടന ശക്തിപ്പെടുത്തുന്നതിനായി ത്യാഗപൂർവ്വം പ്രവർത്തിച്ച അദ്ധ്യാപകർക്ക് നല്കിയ യാത്ര അയപ്പ് അത്യന്തം വികാരനിർഭരമായ ചടങ്ങായിരുന്നു. യോഗത്തിൽ പ്രസിഡന്റ് പ്രൊഫ. എസ്. വിശ്വനാഥൻ അദ്ധ്യക്ഷത വഹിച്ചു. സിൻഡിക്കേററംഗം പ്രൊഫ. രാമൻപിള്ള ആശംസകൾ നേർന്നു. വിരമിക്കുന്നവരിൽ സംഘടനയുടെ സമുന്നത നേതാക്കൾ മുതൽ സാധാരണ പ്രവർത്തകർ വരെയുണ്ടായിരുന്നു. പ്രൊഫ. സി ജെ ശിവശങ്കരൻ (ക്രൈസ്ററ് കോളേജ്, ഇരിങ്ങാലക്കുട) പ്രൊഫ. കെ ആർ പ്രഭാകരൻ നായർ, പ്രൊഫ. ഗോപിനാഥൻ നായർ, പ്രൊഫ. ഭാസ്കരക്കുറുപ്പ് (എം ജി കോളേജ്), പ്രൊഫ. വിൻസൺ നാടാർ (എസ് എൻ കോളേജ് ചെമ്പഴന്തി) പ്രൊഫ. മേറിളാമണി (എസ് എൻ കോളേജ്, വർക്കല) പ്രൊഫ. രാഘവൻ നായർ (ധനുവച്ചപുരം) പ്രൊഫ. കുഞ്ഞീദ് (എം ഇ എസ് കോളേജ്, വെമ്പല്ലൂർ) പ്രൊഫ. റാപ്പി എബ്രഹാം (ബി എ എം തുരുത്തിക്കാട്) പ്രൊഫ. ഗൗതമൻ (ഇക്ബാൽ, പെരിങ്ങമ്മല, പ്രൊഫ. ബാബുക്കുട്ടി (സെൻറ് ഗ്രിഗോറിയസ്, കൊട്ടാരക്കര) എന്നീ അദ്ധ്യാപകർക്ക് സംഘടനയുടെ ഉപഹാരം പ്രസിഡന്റ് നല്കി. വിരമിക്കുന്ന അദ്ധ്യാപകർ അവരുടെ പഴയകാല സ്മരണകൾ ഓർത്തുകൊണ്ട് മറുപടി പറഞ്ഞു. ജനറൽ സെക്രട്ടറി പ്രൊഫ. കെ പി ദിവാകരൻനായർ സ്വാഗതവും, കൺവീനർ പ്രൊഫ. പി ഹരിദാസൻ നന്ദിയും പറഞ്ഞു.

തുടർന്ന് ഗ്രൂപ്പു ചർച്ചകളുടെ റിപ്പോർട്ടിംഗും ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവരുടെ മറുപടിയും ഉണ്ടായി. സംഘടനാപ്രവർത്തനത്തിലെ കുറവുകൾ നികത്തി മുന്നോട്ട് ശക്തി പകരുന്ന നിർദ്ദേശങ്ങളും വിമർശനങ്ങളുമാണ് പ്രതിനിധികളിൽ നിന്നുമുണ്ടായത്. ഭാരവാഹികളുടെ മറുപടിക്കുശേഷം റിപ്പോർട്ടും കണക്കും സമ്മേളനം പാസ്സാക്കി.

പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളുടെ വിവരം റിട്ടേണിംഗ് ഓഫീസർ സമ്മേളന പ്രതിനിധികളെ അറിയിച്ചു. വിദ്യാഭ്യാസ രംഗത്തെ പരിവർത്തനങ്ങൾക്കായി കൂടുതൽ കരുത്തോടെ പ്രവർത്തിക്കുമെന്ന പ്രതിജ്ഞയുമായിട്ടാണ് മൂന്നു ദിവസം നീണ്ടു നിന്ന സംസ്ഥാന സമ്മേളനം സമാപിച്ചത്.

—0—



## ഡോ: ദേവദാസിന് അനുമോദനം

ഏറനാടിന്റെ പുരാവസ്തു സംസ്കൃതിയെ സംബന്ധിച്ച ഗവേഷണപ്രബന്ധത്തിന് കോഴിക്കോട് സർവകലാശാലയിൽനിന്ന് ഡോക്ടറേററ് ലഭിച്ച വി.പി. ദേവദാസ്. മഞ്ചേരി എൻ. എസ്. എസ്. കോളേജിലെ ചരിത്ര വിഭാഗം അധ്യാപകനും എ. കെ. പി. സി. ടി. എ. അംഗവുമാണ്. ഇദ്ദേഹത്തെ എ കെ പി സി ടി എ ബ്രാഞ്ചുയോഗം അനുമോദിച്ചു.

# സർക്കാർ ഉത്തരവുകൾ

GOVERNMENT OF KERALA
General Administration (SS) Department
CIRCULAR MEMORANDUM

No. 89850/SSI/95/GAD. Dated, Thiruvananthapuram 15th December'95

Sub :- Strike by Government employees-Regularisation Admissibility of commuted leave Clarification issued

Ref :- 1. G. O. (P) . 162/95/GAD. dated 20-5-1995.
2. G. O. (P) 181/95/GAD. dated 13-6-1995.
3. G. O. (MS) 208/95/GAD. dated 24-6-1995.

In the G. O.s mentioned above it was ordered that the unauthorised absence of employees on 29-9-1993 -9-9-1993and 10-8-1993 will be regularised by granting eligible Earned Leave/Half Pay leave on application.

2 Some doubts have been raised regarding the admissbiility of commuted leave also for regularising the absence on the above days. Governmment hereby clarify thar absence of emplovees on 29-9-1993, 9-9.1993 and 10-8-1993 can be regularised by granting commuted leave aiso.

G GOPALAKRISHNA PILLAI
Additional Chief Secretary



## നീനു. എ. ജോർജ്
## ദേശീയ ചാമ്പ്യൻ

ഒമ്പതാമത് ദേശീയ ചിൽഡ്രൻസ് ചെസ് ചാമ്പ്യൻഷിപ്പിൽ പെൺകുട്ടികളുടെ അണ്ടർ 12 വിഭാഗത്തിൽ നീനു.എ. ജോർജ് ദേശീയചാമ്പ്യനായി. കേരളത്തിൽ നിന്നും ഒരു പെൺകുട്ടി ദേശീയ കിരീടം നേടുന്നത് ഇത് ആദ്യമായാണ്. 1996 ഒക്ടോബർ മാസം സ്പെയിനിലെ ബർസലോണയിൽ നടക്കുന്ന അന്തർദേശീയ ചിൽഡ്രൻസ്ചെസ് മൽസരത്തിൽ നീനു. എ. ജോർജ് ഇന്ത്യയെ പ്രതിനിധീകരിക്കുന്നതാണ്. ആലുവാ നിർമ്മല സ്കൂളിലെ 7–ാംസ്റ്റാൻഡേർഡ് വിദ്യാർത്ഥിനിയായ നീനു, കളമശ്ശേരി സെൻറ് പോാംസ് കോളേജ് അധ്യാപകനും എ. കെ. പി.സി. ടി. എ. സംസ്ഥാന കൗൺസിൽ അംഗവുമായ പ്രൊഫ. ജോർജ് ജോണിൻെറ മകളാണ്.

## GOVERNMENT OF KERALA

### Abstract

General Administration-Strike by a Section of Government Employees/Teachers on 29-9-1994 Regularisation of unauthorised Absence-Orders issued.

General Administration (SS) Department

G O (P) 352/95/AD. Dated, Thiruvananthapuram, 27th September 95.

Read:- 1. G O. (MS) 103/88/GAD dated 11-3-1988.

2. Circular No 82081/SS1/94/GAD dated 22-9-1994.

### ORDER

A Section of State Government Employees and teachers went on strike on 29-9-'94. In the G. O. read above it was inter alia ordered that the period of unauthorised absence of employees participating in any strike would decided by Government on merits of each case thereafter.

2. Government have examined the question of regularisation of unauthorised absence of the employees/teachers on the strike day on 29-9-'94 and are pleased to order that the unauthorised absence on that day will be regularised by granting eligible leave (other than casual leave)

By order of the Governor,
G. GOPALAKRISHNA PILLAI
Additional Chief Secretary

## പ്രൊഫ. രാമദേവൻ അന്തരിച്ചു



പഴഞ്ഞി എം.ഡി. കോളേജിലെ മലയാളം വിഭാഗം തലവനായിരുന്ന പ്രൊഫ. രാമദേവൻ നിര്യാതനായി. അദ്ദേഹം എം.ഡി. കോളേജ് ബ്രാഞ്ചിന്റെ സ്ഥാപക പ്രസിഡന്റായിരുന്നു. രാമദേവന്റെ ദേഹവിയോഗത്തിൽ എ.കെ.പി.സി.ടി.എ. ദുഃഖം രേഖപ്പെടുത്തി.

GOVERNMENT OF KERALA

Abstract

Dearness Allowance—Extension of time limit--Crediting of arrears to the P. F. account—Orders issued

---

FINANCE (PRU) DEPARTMENT

G. O. (P) No. 422/96/Fin.

Dated, Thiruvananthapuram, 1-6-1996.

---

Read:—1. G. O. (P) 175/89/Fin. dated 22-3-89.

2. G. O. (P) 376/89/Fin. dated 25-8-89.

3. G. O. (P) 199/90/Fin. dated 23-3-90.

4. G. O. (P) 421/90/Fin. dated 10-8-90.

5. G. O. (P) 265/91/Fin. dated 22-3-91.

6. G. O. (P) 432/91/Fin. dated 24-7-91.

7. G. O. (P) 364/92/Fin. dated 15-4-92.

8. G. O. (P) 211/93/Fin. dated 15-3-93.

9. G. O. (P) 331/94/Fin. dated 19-4-94.

10. G. O. (P) 825/94/Fin. dated 30-11-94.

11. G. O. (P) 887/94/Fin. dated 12-12-94.

12. G. O. (P) 420/95/Fin. dated 5-7-95.

ORDER

The time limit prescribed as per the G. O. last cited, for crediting the D. A. arrears sanctioned from 1989 onwards expired on 31-3-96. Government have received many requests for condoning the delay in crediting the D. A. sanctioned from 1989 onwards to P. F. account of the Employees.

After having examined the matter in detail, Govt. are pleased to extend the time limit for a further period of six months from 1-4-96.

The arrears in this regard will be preferred as part of the salary bill for the period from June 1996 to September 1996.

(By order of the Governor)
K. K. SASIDHARAN
Joint Secretary, (Finance)

No. UGC Cell. III/72507/95.

Thiruvananthapuram
20-4-96.

## CIRCULAR

Sub:—Dept of coll. Edn. — Implementation of UGC Scheme/Scale Reckoning LWA on Medical Grounds on L W A with Medical Certificate

Ref:—Govt Circular No 37158/82 Edn dt 16-5-94

As per Circular cited, government have clarified that the period of L W A on medical grounds with Medical Certificate only can be considered as qualifying service for grant of placement under UGC Scheme. In the circumstances, it is further decided that in respect of the period of LWA granted on medical ground a copy of the medical Certificate or a Certificate may be insisted from the concerned teacher in respect of Gov Colleges and from the Principal / Manager in respect private of Colleges stating that the leave without allowance has been sanctioned with Medical Certificate

Sd/-V. P. Joy. I. A. S,
DIRECTOR OF COLLEGIATE EDUCATION

## പ്രൊഫ. സി. ജെ. ശിവശങ്കരൻ വിരമിച്ചു



മുപ്പത്തിരണ്ടു വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം പ്രൊഫ. സി.ജെ.ശിവശങ്കരൻ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽനിന്നും 1996 മാർച്ച് 31ന് വിരമിച്ചു. 1964 ൽ തൃശൂർ സെന്റ് തോമസ് കോളേജിൽനിന്നും കെമിസ്ട്രിയിൽ എം. എസ്‌സി ബിരുദംനേടിയ അദ്ദേഹം ഒരു വർഷം കണ്ണൂർ S.N. കോളേജിലും തുടർന്ന് ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലും സേവനം അനുഷ്ഠിച്ചു. സാമൂഹ്യ–സാംസ്കാരിക–രാഷ്ട്രീയ മണ്ഡലങ്ങളിലും അർപ്പിതചേതസ്സായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വ്യക്തിയാണ് പ്രൊഫ. ശിവശങ്കരൻ.

കോഴിക്കോട് സർവകാശാലാ സെനറ്റംഗം. ബോർഡ് ഓഫ് സ്റ്റഡീസ് അംഗം, എക്സാമിനേഷൻ ബോർഡ് ചെയർമാൻ എന്നീ നിലകളിൽ അക്കാദമിക്‌രംഗത്ത് തെളിഞ്ഞുനിന്ന അദ്ദേഹം എകെപിസിടിഎ സെക്രട്ടറി, ട്രഷറർ അക്കാദമിക് കൗൺസിൽ കൺവീനർ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ജനറൽ സെക്രട്ടറി, പ്രസിഡന്റ്, വിദ്യാഭ്യാസ സമിതി ചെയർമാൻ തുടങ്ങിയ സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്. ഇപ്പോൾ പരിഷത്തിന്റെ ഗവേഷണവിഭാഗമായ ഐ. ആർ. ടി. സി. (ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജിസെന്റർ) യുടെ രജിസ്ട്രാർ ആയി പ്രവർത്തിച്ചുവരുന്നു.

## വെള്ളിമൺ നെൽസന് ഡോക്ടറേറ്റ്

കേരള സർവകലാശാലയിൽ നിന്നും വെള്ളിമൺ നെൽസൻ ഹിന്ദിയിൽ ഡോക്ടറേറ്റ് നേടി 'മോഹൻരാകേശിന്റെ നാടകങ്ങളുടെ ദാർശനിക പരിവേഷം' എന്ന ഗവേഷണപ്രബന്ധത്തിനാണ് പി എച്ച് ഡി ലഭിച്ചത്. വെള്ളിമൺ സി. ജി. ഡാനിയേലിന്റെ പുത്രനും പ്രമുഖ ഹിന്ദി പ്രചാരകനുമായ ഇദ്ദേഹം കൊല്ലം ഫാത്തിമാമാതാ നാഷണൽ കോളേജിൽ ഹിന്ദി വിഭാഗം ലക്ചററാണ്.



Office of the Director of Collegiate Education,
Vikas Bhavan, Thiruvananthapuram,
Dated: 2-3-1996.

No Pen. A2-61808/95.

CIRCULAR

Sub :- Collegiate Education - Private Colleges Staff
Pension - Procedure regarding service verification modified - regarding.

Ref :- This office Circular Pen. A2,61808/95. dated: 12-9-'95.

In order to expedite sanction of pension to the retiring Private College staff and to stremline the procedure, the following further instructions are issued in continuation of this office circular issued above.

If a member of a Private College staff who has only two years for his/her retirement desires to get his service verified. he/she should apply for the same through the Principal to the audit staff/pension verification staff visiting the college, without waiting for his/her superannuation.

The Dy. Director of Collegiate Education or his deputed personnel who attend the audit/pension verification work in a college shall also verify the service of the college staff who has already applied for verification in so far as service is related to that particular college. After verification the Authority from the Dy. Director of Collegiate Education should enter the details of verification done in the Service book of the incumbent with specific authentication. As a result of this arrangement, it is anticipated that no further service verification will be required after the superannuation of a particular employee, in case the Verification of Service is done in the above manner.

In this context, it is instructed that the Dy. Director of Collegiate Education who is authorised to issue the Service Verification Certificate should ensure that the date and specific reason for termination of service of an employee if any in a College are clearly mentioned in the Service Verification Certificate as well as in the Service book.

V. P. JOY, IAS
Director of Collegiate Education

## UNIVERSITY OF KERALA

Abstract

Centralised Valuation—Enhancement of DA for examiners and enhancement of scrutiny fee for Chief Examiners—Enhancement of DA to Administrative Staff—Sanctioned—Orders issued.

MONITORING AND CO-ORDINATION SECTION

M&C. 1. 1275/96. Dated, Thiruvananthapnram, 4-5-1996.

Read : 1 Item No.69 of the Minutes of the Meeting of the Syndicate held on 23-2-1987

2 Item No 267 of the Minutes of the Meeting of the Syndicate held on 16-4-1993

3 U.O No. M&C 1/Misc/93 dated 29-4-1993

4 Item No 5 of the Minutes of the Meeting of the Standing Committee of the Syndicate on Examinations held on 14.5-1993

5 U O No M&C 1/Misc/93 dated 7-10-1993

---

# സ്ഥലംമാററം തത്വദീക്ഷയോടെ നടത്തുക

കോളേജദ്ധ്യാപക സ്ഥലംമാററത്തിന് എൻ എസ് എസ് മാനേജ്മെൻറ് ഒരു മാനദണ്ഡവും പാലിക്കാത്തതിൽ എൻ എസ് എസ് കോളേജ് ടീച്ചേഴ്സ് കോ-ഓർഡിനേഷൻ കൗൺസിൽ (എ കെ പി സി ടി എ) പ്രതിഷേധിച്ചു.

യാതൊരു തത്വദീക്ഷയുമില്ലാതെ സ്വന്തക്കാർക്കുവേണ്ടി സ്ഥലം മാററം നടത്തുന്ന മാനേജ്മെൻറ് ഇരുപതും ഇരുപത്തഞ്ചും വർഷങ്ങളായി അസൗകര്യമായ സ്ഥലങ്ങളിൽ പ്രവർത്തിയെടുക്കുന്ന അദ്ധ്യാപകർക്ക് വൈരനിര്യാതന ബുദ്ധിയോടെ സ്ഥലംമാററം നിഷേധിക്കുകയാണ്. ഈ നിലപാട് തിരുത്തണമെന്ന് കൗൺസിൽ ആവശ്യപ്പെട്ടു. ചർച്ചയിലൂടെ പ്രശ്നം പരിഹരിക്കാൻ ശ്രമിച്ചിട്ടും ഫലവത്താകാത്തതിനാൽ സമരമാർഗ്ഗങ്ങൾ ആരംഭിക്കാൻ യോഗം തീരുമാനിച്ചു.

കേരള സർവകലാശാലയുടെ കീഴിലുള്ള സ്വകാര്യ കോളേജ് അദ്ധ്യാപകരുടെ സീനിയോറിററിസംബന്ധിച്ച നിയമത്തിന് വിരുദ്ധമായി ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപകരുടെ സീനിയോരിററിമാററി മറിച്ചുകൊണ്ട് ലിസ്ററ് പ്രസിദ്ധീകരിച്ച മാനേജ്മെൻറ് നടപടിയിൽ യോഗം പ്രതിഷേധം രേഖപ്പെടുത്തി.

1988 ന് മുൻപ് സർവീസിലുണ്ടായിരിക്കുകയും ഓപ്ഷൻ നല്കുന്ന സമയത്ത് ഒഴിവില്ലാത്തതിനാൽ ക്ലെയിം ഹോൾഡേഴ്സ് ആയി മാറുകയും പിന്നീട് സർവീസിൽ വരുകയും ചെയ്ത അദ്ധ്യാപകർക്ക് അന്തർ സർവകലാശാലാ സ്ഥലം മാററത്തിനുള്ള അവകാശം അനുവദിച്ചു നല്കണമെന്ന് കേരള സർക്കാരിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു. ഓപ്ഷനുശേഷം നിയമിതരായ അദ്ധ്യാപകർക്ക് നിലവിലുള്ള നിയമത്തിന് തകരാറു വരാത്ത വിധത്തിൽ അന്തർസർവകലാശാലാ സ്ഥലം മാററം കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പ്രവർത്തക സമിതി യോട് അഭ്യർത്ഥിച്ചു.

കോളേജുകളെ വെട്ടിമുറിച്ച് പ്രീഡിഗ്രി ബോർഡ് ഉണ്ടാക്കുന്നതു കൊണ്ട് കോളേജ് അന്തരീക്ഷം വഷളാവുകയേയുള്ളൂവെന്ന് യോഗം മുന്നറിയിപ്പു നൽകി. സ്ക്കൂളുകളിൽ ഹയർസെക്കണ്ടറി തലം വളർത്തിക്കൊണ്ടും സമാനമായി കോളേജുകളിൽ പ്രീഡിഗ്രി നിറുത്തലാക്കിക്കൊണ്ടും ഏതാനും വർഷത്തെ പരിപാടിയായി ഈ പരിഷ്കാരം നടപ്പിലാക്കാൻ തയ്യാറാകണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടു.

സംസ്ഥാനത്തിൻെറ വികസനത്തിനുതകുന്ന രീതിയിൽ മലബാർ സർവകലാശാലാബിൽ പുനഃസംവിധാനം ചെയ്യണമെന്ന് യോഗം ആവശ്യപ്പെട്ടു.

പ്രൊഫ എം ജി ഗോപാലകൃഷ്ണൻനായരുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സെക്രട്ടറി പ്രൊഫ. എ പ്രതാപചന്ദ്രൻ നായർ റിപ്പോർട്ട് അവതരിപ്പിച്ചു. പ്രൊഫ കെ പി ദിവാകരൻനായർ, പ്രൊഫ. കെ സദാശിവൻ നായർ, പ്രൊഫ. ടി കെ ജി നായർ, പ്രൊഫ. കെ വിജയശങ്കർ, പ്രൊഫ. ജി പ്രകാശ്, പ്രൊഫ എൻ ഗോപാലകൃഷ്ണൻ നായർ, പ്രൊഫ. ശർമ്മ, പ്രൊഫ. രാജൻ, പ്രൊഫ. പി ജി ബാലകൃഷ്ണൻ, പി. കെ. പത്മകുമാർ, മുരളീധരൻ, ശ്രീകുമാർ, വിജയകുമാർ, മോഹനകൃഷ്ണൻ, ബാലചന്ദ്രൻ നായർ എന്നിവർ പ്രസംഗിച്ചു.

6 Representations from various Service Organisations of teachers and non-teaching staff

7 Minutes of the Meeting of the Standing Committee on Examination held on 15-4-1996

8 Item No 148 of the Minutes of the Meeting of the Syndicate held on 20-4-96

9 Item No 151 of Minutes of the Meeting of the Syndicate held on 20-4-96

10 Minutes of the meeting of the IUCC held on 22-4-1996

11 Endorsement of the Finance No FOS/2744/Fin/I/dt 4.5.96

## ORDER

As per the decision of the Syndicate read as Paper I above, the staff engaged in the Centralised Valuation Camps are paid D. A. as per Rules plus a special allowance of Rs. 11/- subject to a maximum of Rs. 36/-per day exempting their claims from the operation of Rule 59 of part II Kerala Service Rules, irrespective of the Distance of the camp from the Head Quarters.

As per the decision of the Syndicate held on 16-4-'93 read as paper 2 and the U.O read ass paper 3 above the DA plus special allowance of the teachers participating in C. V. Camps was enhanced to Rs. 45/- from Rs, 37/- by giving an additional allowance of Rs. 8/-.

On the basis of the recommendations of the Standing Committee on Examinations held on 14-5-1993 vide item no, 5 read as fourth paper above, approved by the Vice-Chancellor, U. O read as paper 5 was issued giving the benefit of increase of Rs. 8/- in DA given to teachers of the C. V. Camps to non-teaching staff of the University also. Accordingly University Staff engaged in C. V. camps are eligible for DA as per Rules plus a special allowance or Rs. 11/- subject to maximum of Rs. 36/- per day exempting claim from the operation of Rule 59 of Part II KSR irrespective of the distance of the camp from the Headquarters plus Rs 8/- as additional allowance.

In the light of enhancement of DA to the Government employees, the various service organisation of teachers have demanded to enhance the rate of DA to teachers engaged in Centralised Valuation Camps vide paper read as 6 above.

The Service Organisations of non-teaching staff have also raised the demand for increase of DA for works connected with C. V. Camps.

The Standing Committee of the Syndicate on Examination, held on 15-4-1996 Vide paper read as 7 above have recommended to increase the rates of DA to teachers and University staff engaged in C V Camps

The meeting of the Staiting Committee on Examinations held on 15-4-96 also recommended to enhance the rate of scrutiny fee to Rs. 6/- for 25 papers from the existing rate of Rs 4/-, provided the remuneration of a Chief Examiners will be at least the maximum claimed by an additional examiner for the subject in the camp. The recommendation of the Standing Committee on Examinations held 15-4-1996 were approved by the Syndicate at its meetings held on 20-4-1996 vide item no. 148 read as paper 8 above

Vide Item No. 151 of the Minutes of the Meeting of the Syndicate held on. 20-4-1996. read as paper 9 above, the Syndicate considered favourably the question of DA Revision for examiners and University Staff attending works connected with Centralised Valuation and other issues relating to C V Camps and resolved to authorise the Vice-

Chancellor to take appropriate decision in the matter after giving due consideration to the recommendations of the I U C C meeting scheduled to be held on 22-4-1996.

As recommended by the I U C C at its meeting held on 22-4-1996 at Kottayam, (Vide item No. 3) sanction has been accorded by the Vice-Chancellor:

1) to enhance the rate of DA to examiners attending of the Centralised Valuation Camps to Rs. 70/- (Rupees Seventy only) exempting the claim from the operation of Rule 59 of part II K S R irrespective of the distance of the camp from the Head Quarters with effect from March/April 1996 session. Those examiners of centralised valuation camp of April 1996, who have already been paid D A at the existing rate will be paid arrears at the revised rate,
2) to enhance the rates of DA for University Staff engaged in work relating to Centralised Valuation, to eligible DA as per K S R plus Rs, 19/- (Special allowance of Rs, 11/- and additional allowance of Rs, 8/-) subject to a maximum of Rs. 70/- per day exempting the claim from the operation of Rule 59 of part II K S R irrespective of the distance of the Headquarters from the camp, with effect from March/April '96 session; and
3) to enhance the rate of scrutiny fee to Rs. 6/- for every 25 papers from Rs. 4/with effect from March/April '96 session, provided, the remuneration of a Chief Examiner will be at least the maximum claimed by an additional examiner for the subject in the camp,

Sd/-
CONTROLLER OF EXAMINATIONS

---

# പ്രവർത്തക ക്യാമ്പ് പീച്ചിയിൽ
## ആഗസ്റ്റ് 3, 4

ഈ വർഷത്തെ എ കെ പി സി ടി എ പ്രവർത്തക ക്യാമ്പ് ആഗസ്റ്റ് 3, 4 തീയതികളിൽ പീച്ചി 'ദർശന' ആഡിറ്റോറിയത്തിൽ നടക്കും. ക്യാമ്പ് ഉദ്ഘാടനം ചെയ്യുന്നത് മഹാത്മഗാന്ധി യൂണിവേഴ്സിറ്റി വൈസ്ചാൻസ്ലർ ഡോ. വി. എൻ. രാജശേഖരൻ പിള്ളയാണ്. വിദ്യാഭ്യാസമന്ത്രി ശ്രീ പി. ജെ. ജോസഫ്, സ:കെ. എൻ. രവീന്ദ്രനാഥ്, സ: സി പി. നാരായണൻ, പ്രൊഫ. മാമൻവർക്കി എന്നിവർ വിവിധ വിഷയങ്ങളെപ്പറ്റി സംസാരിക്കും.

ഓരോ ബ്രാഞ്ചിൽ നിന്നും സെക്രട്ടറിയെ കൂടാതെ മറ്റൊരംഗം കൂടി നിർബന്ധമായും ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്. പ്രവർത്തകസമിതി, സംസ്ഥാനക്കമ്മിറ്റി, സംസ്ഥാന സമിതി, സെനറ്റ്, സിൻഡിക്കേറ്റ് അക്കാഡമിക് കൗൺസിൽ, ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങളും ക്യാമ്പിൽ പങ്കെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

പ്രൊഫ. കെ. പി. ദിവാകരൻ നായർ
ജനറൽ സെക്രട്ടറി


---

# യൂണിറ്റി കോളേജ് ബ്രാഞ്ച് ഉദ്ഘാടനം

മഞ്ചേരി യൂണിറ്റി വിമൻസ് കോളേജിൽ രൂപീകരിച്ച എകെപിസിടിഎ ബ്രാഞ്ചിന്റെ ഔപചാരികമായ ഉദ്ഘാടനം മലപ്പുറം ജില്ലാ സെക്രട്ടറി പ്രൊഫ. എ. ശിവരാമൻ നിർവഹിച്ചു. പ്രൊഫ. ടി. മൊയ്തീനെ പ്രസിഡന്റായും പ്രൊഫ.അബ്ദുൽമജീദിനെ സെക്രട്ടറിയായും തെരഞ്ഞെടുത്തു.

എകെപിസിടിഎ മന്ദിരം
ഇ. എം. എസ്.
ഉദ്ഘാടനംചെയ്യുന്നു






എകെപിസിടിഎ 38-ാം സംസ്ഥാനസമ്മേളനം സ: വി. എസ്. അച്ചുതാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു.

edited printed and published by prof. v. narayanankutty at chempaka printers tvm-4, phone : 442127
chief editor k. sukumaran nair